24
2025
ഫെബ്രുവരി
തിങ്കൾ
കുംഭം 12

NAUTICAL TIMES
KERALA
നോട്ടിക്കൽ ടൈംസ്
കേരള
The National Daily in Malayalam / English
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.83 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-83 പേജ് 4. വില 2.00 രൂപ

02 ശിവാലയ ഓട്ടം ചൊവ്വാഴ്ച തുടങ്ങും; ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ
03 ബംഗളൂരുവിൽ മർദനമേറ്റ് നൈജീരിയൻ സ്വദേശി മരിച്ചു
04 എഎപി ഖജനാവ് കാലിയാക്കിയെന്ന് രേഖ ഗുപ്ത

# സമൂഹ മാധ്യമങ്ങളെ നിയന്ത്രിക്കാൻ കേന്ദ്രം

ന്യൂഡൽഹി: സമൂഹ മാധ്യമങ്ങളിൽ അശ്ലീലവും അക്രമവും കലർന്ന ഉള്ളടക്കങ്ങൾ വ്യാപകമാകുന്നതിനിടെ ഇതു നിയന്ത്രിക്കാൻ നടപടിക്കൊരുങ്ങി കേന്ദ്രസർക്കാർ. സമൂഹ മാധ്യമങ്ങളിലെ അപകടകരമായ ഉള്ളടക്കം നിയന്ത്രിക്കുന്നതിന് കർശനമായ നിയമ ചട്ടക്കൂട് നിർമിക്കേണ്ടതിൻറെ ആവശ്യകതയുണ്ടെന്ന് കേന്ദ്ര വാർത്താവിതരണ മന്ത്രാലയം വ്യക്തമാക്കി.



നിലവിലെ നിയമവ്യവസ്ഥകളെപ്പറ്റിയും പുതിയൊരു നിയമചട്ടക്കൂട് നിർമിക്കേണ്ടതിൻറെ ആവശ്യകതയെപ്പറ്റിയും വിലയിരുത്തി വരികയാണെന്ന് മന്ത്രാലയം ഐടി ഇലക്ട്രോണിക്സ് വകുപ്പിൻറെ പാർലമെൻററി സമിതിയെ അറിയിച്ചു.

ആവിഷ്കാരസ്വാതന്ത്ര്യത്തിനുള്ള ഭരണഘടനാപരമായ അവകാശം ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ അപകടകരമായ ഉള്ളടക്കങ്ങൾ പ്രചരിപ്പിക്കുന്നതിനായി ദുരുപയോഗിക്കുകയാണെന്ന് വാർത്താവിതരണ മന്ത്രാലയം പാർലമെൻററി സമിതിക്കു നൽകിയ മറുപടിയിൽ വ്യക്തമാക്കി.

നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ നിർദേശിക്കാൻ ബിജെപി എംപി നിഷികാന്ത് ദുബെ അധ്യക്ഷനായ ഐടി ഇലക്ട്രോണിക്സ് വകുപ്പിൻറെ പാർലമെൻററി സമിതി ആവശ്യപ്പെട്ടിരുന്നു.

അപകടകരമായ ഉള്ളടക്കങ്ങൾ നിയന്ത്രിക്കുന്നതിന് നിലവിൽ ചില വ്യവസ്ഥകളുണ്ടെങ്കിലും കൂടുതൽ കർശനവും ഫലപ്രദവുമായ നിയമ ചട്ടക്കൂട് നിർമിക്കേണ്ടതിൻറെ ആവശ്യകതയുണ്ടെന്നാണ് വാർത്താവിതരണ മന്ത്രാലയം പാർലമെൻററി സമിതിയെ അറിയിച്ചിരിക്കുന്നത്. സമിതിയുടെ അടുത്ത യോഗം ഈ മാസം 25നു ചേരും. കൃത്യമായ ചർച്ചകൾക്കു ശേഷം വിശദമായ കുറിപ്പ് ഈ യോഗത്തിൽ നൽകുമെന്ന് വാർത്താവിതരണ മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

സമൂഹമാധ്യമ ഇൻഫ്ലുവൻസറായ രൺവീർ അല്ലബാഡിയ നടത്തിയ അശ്ലീല പരാമർശങ്ങൾ വിവാദമായ പശ്ചാത്തലത്തിൽക്കൂടിയാണ് സമൂഹമാധ്യമങ്ങൾക്കു മൂക്കുകയറിടാൻ സർക്കാർ ആലോചിക്കുന്നത്.

# വയനാടിന് കേന്ദ്രസഹായം ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്കു പ്രിയങ്കയുടെ കത്ത്

ന്യൂഡൽഹി: മുണ്ടക്കൈ, ചൂരൽമല പുനരധിവാസത്തിന് കേന്ദ്രസർക്കാർ അനുവദിച്ച വായ്പ ദുരിതാശ്വാസമാക്കി മാറ്റണമെന്നും കാലാവധി നീട്ടി നൽകണമെന്നും വയനാട് എംപി പ്രിയങ്ക ഗാന്ധി. പുനരധിവാസത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ടു പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് എഴുതിയ കത്തിലാണ് പ്രിയങ്ക ഇക്കാര്യം ആവശ്യപ്പെട്ടത്.



ദുരന്തം നടന്ന് ആറു മാസത്തിനു ശേഷം പുനരധിവാസത്തിന് അനുവദിച്ച തുക വായ്പയാക്കിയത് മനുഷ്യത്വരഹിതമാണ്. ദുരന്തത്തിൽ നിരവധി പേർ മരിക്കുകയും 32 പേരെ കാണാതാകുകയും ചെയ്തിട്ടുണ്ട്.

അടിസ്ഥാനസൗകര്യമടക്കം നഷ്ടപ്പെടുത്തിയ വലിയ ദുരന്തമാണു വയനാട് സംഭവിച്ചത്. ദുരന്തഭൂമിയിലെ പ്രധാനമന്ത്രിയുടെ സന്ദർശനം ഏറെ പ്രതീക്ഷയോടെയായിരുന്നു ജനങ്ങൾ കണ്ടത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായമില്ലാതെ മുണ്ടക്കൈ, ചൂരൽമല നിവാസികൾക്ക് ദുരന്തത്തിൽനിന്നു കരകയറാൻ സാധിക്കില്ലെന്നും പ്രിയങ്ക കത്തിൽ ചൂണ്ടിക്കാട്ടി.

പുനരധിവാസം മന്ദഗതിയിൽ പോകുന്നത് ആശങ്ക ജനിപ്പിക്കുന്നതാണെന്നും പുനരധിവാസത്തിൽ കേന്ദ്രസർക്കാർ ഇടപെടൽ അത്യാവശ്യമാണെന്നും പ്രിയങ്ക ആവശ്യപ്പെട്ടു. വയനാട്ടിലെ വന്യജീവി ആക്രമണം തടയാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കഴിഞ്ഞദിവസം മുഖ്യമന്ത്രി പിണറായി വിജയനും പ്രിയങ്ക കത്തയച്ചിരുന്നു.

# തെലങ്കാനയിലെ ടണൽ ദുരന്തം രക്ഷാപ്രവർത്തനം അതീവ ദുഷ്കരം

ഹൈദരാബാദ്: തെലങ്കാന നാഗർകുർണൂലിലെ ടണൽ അപകടത്തിൽ രക്ഷാപ്രവർത്തനം പ്രതിസന്ധിയിൽ. രക്ഷാപ്രവർത്തനത്തിനായി സൈന്യത്തിന്റെ എൻജിനീയറിങ് ദൗത്യസംഘം എത്തിയെങ്കിലും വൻ തോതിൽ താഴേക്ക് പതിച്ച കല്ലും ചെളിയും തടസമായി. എട്ട് ജീവനക്കാരാണ് 45 മണിക്കൂറിലധികമായി കുടുങ്ങിക്കിടക്കുന്നത്. സാധ്യമായ എല്ലാ സംവിധാനങ്ങളും ഒരുക്കിയെങ്കിലും രക്ഷാപ്രവർത്തകർക്ക് കുടുങ്ങി കിടക്കുന്നവരുടെ അടുത്തേക്ക് എത്താൻ കഴിഞ്ഞിട്ടില്ല. ശനിയാഴ്ച രാവിലെ തുരങ്കത്തിന്റെ ഒരു ഭാഗത്തുണ്ടായ ചോർച്ച പരിഹരിക്കാൻ തൊഴിലാളികൾ അകത്ത് കയറിയപ്പോഴായിരുന്നു അപകടം. രണ്ട് എൻജിനീയർമാർ, നാല് തൊഴിലാളികൾ, രണ്ടു മെഷീൻ ഓപ്പറേറ്റർമാർ എന്നിവരാണ് കുടുങ്ങികിടക്കുന്നത്. സൈന്യവും ദേശീയ ദുരന്ത നിവാരണ സേനയും അടങ്ങിയ സംഘത്തിന്റെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനം. കൂറ്റൻ പമ്പുകൾ ഉപയോഗിച്ചു ടണലിൽ നിറഞ്ഞ വെള്ളവും ചെളിയും അടിച്ചു കളയാനാണ് ശ്രമിക്കുന്നത്. കുടുങ്ങിക്കിടക്കുന്നവരുമായി ആശയവിനിമയം നടത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും ഇനിയും കഴിഞ്ഞിട്ടില്ലെന്നും അധികൃതർ പറയുന്നു. തുരങ്കത്തിനുള്ളിൽ 13 കിലോമീറ്റർ വരെ മാത്രമാണ് രക്ഷാപ്രവർത്തകർക്ക് എത്തിച്ചേരാൻ കഴിഞ്ഞിട്ടുള്ളത്. അപകടമുണ്ടായ സ്ഥലത്തേക്ക് ഇനിയും നാല് കിലോമീറ്റർ ദൂരമുണ്ട്.

ശ്രീശൈലം ലെഫ്റ്റ് ബാങ്ക് കനാലിന്റെ (എസ്എൽബിസി) നിർമ്മാണം പുരോഗമിക്കുന്ന തുരങ്കത്തിലാണ് അപകടമുണ്ടായത്. പണികൾ തുടങ്ങിയതിന് പിന്നാലെ വൻശബ്ദത്തോടെ വെള്ളവും ചെളിയും തുരങ്കത്തിനുള്ളിലേക്ക് ഇരച്ചെത്തുകയായിരുന്നു. 12 കിലോമീറ്റർ ഉള്ളിലായി മൂന്നുമീറ്ററിലേറെ ഭാഗങ്ങൾ തകർന്നു. 50 ഓളം പേരാണ് തുരങ്കത്തിനുള്ളിൽ കയറിയത്. ഇതിൽ 42 പേർ

ഓടി രക്ഷപെടുകയും മറ്റുള്ളവർ കുടുങ്ങുകയുമായിരുന്നു. 9.5 അടി വ്യാസമുള്ള ടണലാണിത്. നിർമ്മാണം പൂർത്തിയാകാത്തതിനാൽ അടച്ചിട്ടിരിക്കുകയായിരുന്ന തുരങ്കം 18നാണ് തുറന്നത്. കൂടുതൽ ശേഷിയുള്ള മോട്ടോറുകളും, പൈപ്പുകളും ഉപയോഗിച്ച് വെള്ളവും ചെളിയും നീക്കം ചെയ്യാനാണ് ശ്രമം. ചെളി നീക്കിയാൽ ആളുകളെ അകത്തേക്ക് അയയ്ക്കാനാകുമെന്നാണ് കണക്കുകൂട്ടൽ. ഇത്തരം സാഹചര്യങ്ങളിൽ പ്രവർത്തിച്ച പരിചയമുള്ള റാറ്റ് മൈനേഴ്സിന്റെ സഹായം തേടാനും തീരുമാനിച്ചിട്ടുണ്ട്. ബദൽ മാർഗം എന്ന നിലയിൽ ടണലിന് പുറത്ത് കൂടി ഈ ഭാഗത്തേക്ക് കടക്കാനുള്ള ശ്രമവും നടത്തിവരുന്നുണ്ട്.

# കരട് അഭിഭാഷക ഭേദഗതി ബിൽ പിൻവലിച്ചു

ന്യൂഡൽഹി: വിവാദമായ കരട് അഭിഭാഷക ഭേദഗതി ബിൽ 2025 കേന്ദ്ര സർക്കാർ പിൻവലിച്ചു. 1961ലെ അഭിഭാഷക നിയമം ഭേദഗതി ചെയ്യുന്നതാണ് പുതിയ ബിൽ.

പൊതു അഭിപ്രായം തേടി ഈ മാസം 13 മുതൽ നിയമകാര്യ വിഭാഗത്തിന്റെ വെബ്സൈറ്റിൽ ബില്ലിന്റെ കരട് രേഖ പ്രസിദ്ധീകരിച്ചിരുന്നു. കരട് ബില്ലിനെതിരെ വലിയ രീതിയിലുള്ള പ്രതിഷേധങ്ങളും ആശങ്കകളും ഉയർന്ന സാഹചര്യത്തിൽ പുനപരിശോധനയ്ക്കായി കരട് പിൻവലിക്കുന്നതായി കേന്ദ്രം അറിയിക്കുകയായിരുന്നു.

നടപടി ബാർ കൗൺസിൽ ഓഫ് ഇന്ത്യ (ബിസിഐ) സ്വാഗതം ചെയ്തു. ബിൽ നിയമമാക്കുന്നതിനു മുമ്പ് എല്ലാവിഷയങ്ങളും സമഗ്രമായി പരിശോധിക്കുമെന്ന് കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്‌വാൾ ഉറപ്പുനൽകിയതായി ബിസിഐ ചെയർമാൻ മനാൻ കുമാർ മിശ്ര അറിയിച്ചു. ബിൽ ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ സ്വയംഭരണത്തെ അപകടത്തിലാക്കുമെന്ന് കുമാർ മിശ്ര മന്ത്രി അർജുൻ റാം മേഘ്‌വാളിന് അയച്ച കത്തിൽ വ്യക്തമാക്കിയിരുന്നു.

# മാർപാപ്പയ്ക്കുവേണ്ടി വത്തിക്കാനിൽ ജപമാല സമർപ്പണം

വത്തിക്കാൻ സിറ്റി: റോമിലെ ജെമെല്ലി ആശുപത്രിയിൽ ചികിത്സയിൽ തുടരുന്ന ഫ്രാൻസിസ് മാർപാപ്പയെ പ്രത്യേകം സമർപ്പിച്ച് ഇന്നലെ രാത്രി വത്തിക്കാനിൽ ജപമാല ചൊല്ലി പ്രാർഥിച്ചു.

വത്തിക്കാൻ സമയം രാത്രി ഒന്പതിന് (ഇന്ത്യൻ സമയം പുലർച്ചെ 1.30) സെൻറ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന ജപമാലപ്രാർഥനയിൽ റോമിലെ കർദിനാൾമാരും റോമൻ കൂരിയയിൽ സേവനമനുഷ്ഠിക്കുന്നവരും പങ്കെടുത്തു.

വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയത്രോ പരോളിൻ ജപമാല നയിച്ചു. ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് പ്രാർഥനയിൽ പങ്കുചേരാൻ കത്തോലിക്കാ ചാനലായ ഇഡബ്ല്യുടിഎൻ യുട്യൂബിലൂടെ തത്സമയ സംപ്രേഷണം ലഭ്യമാക്കിയിരുന്നു.

ഇനി എല്ലാ ദിവസവും രാത്രിയിൽ വത്തിക്കാൻ ചത്വരത്തിൽ ജപമാല സമർപ്പണം ഉണ്ടായിരിക്കുമെന്ന് വത്തിക്കാൻ അറിയിച്ചു. ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ ഈ ദിവസങ്ങളിൽ മാർപാപ്പയുടെ ആരോഗ്യത്തിനുവേണ്ടി പ്രാർത്ഥനാകൂട്ടായ്മകൾ നടത്തുന്നുണ്ട്.

നിരവധിയാളുകൾ മാർപാപ്പ കഴിയുന്ന ആശുപത്രിയുടെ മുന്നിലെത്തിയും പ്രാർഥിക്കുന്നുണ്ട്.



# സുഡാനിൽ സമാന്തര സർക്കാർ

ഖാർത്തൂം: സുഡാനിൽ സമാന്തര സർക്കാർ രൂപീകരിക്കാൻ അർധസൈനിക വിഭാഗമായ റാപ്പിഡ് സപ്പോർട്ട് ഫോഴ്സും സഖ്യകക്ഷികളും. കെനിയൻ തലസ്ഥാനമായ നെയ്റോബിയിൽ ശനിയാഴ്ച രാത്രി വൈകിയാണ് ഒപ്പുവയ്ക്കൽ ചടങ്ങ് നടന്നത്. രാജ്യത്തെ പ്രശ്നബാധിത മേഖലകളിൽ സമാധാനത്തിന്റെയും ഐക്യത്തിന്റെയും സർക്കാരിന് വഴിയൊരുക്കുന്നതാണ് ചാർട്ടറെന്ന് ചടങ്ങിനു ശേഷം പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു. ചാർട്ടറിൽ ഒപ്പുവച്ചവരിൽ ഭൂരിഭാഗവും ഡാർഫറിൽ നിന്നും കോർഡോഫാൻ സ്വദേശികളായതിനാൽ, സമാന്തര സർക്കാർ രൂപീകരിക്കാനുള്ള നീക്കം സുഡാന്റെ വിഭജന സാധ്യതയെക്കുറിച്ച് ആശങ്ക ഉയർത്തുന്നു.തെക്കൻ കോർഡോഫാൻ, ബ്ലൂ നൈൽ സംസ്ഥാനങ്ങളുടെ ഭാഗങ്ങൾ നിയന്ത്രിക്കുന്ന അബ്ദൽ അസീസ് അൽ-ഹിലുവിന്റെ നേതൃത്വത്തിലുള്ള സുഡാൻ പീപ്പിൾസ് ലിബറേഷൻ മൂവ്മെന്റ്, സുഡാൻ ലിബറേഷൻ മൂവ്മെന്റ് - ട്രാൻസിഷണൽ കൗൺസിൽ തലവനായ അൽ-ഹാദി ഇദ്രിസ്, നാഷണൽ യുഎംഎംഎ പാർട്ടി തലവൻ ഫദ്‌ലല്ല ബർമ്മ നാസിർ. ആർഎസ്എഫ് കമാൻഡർ അബ്ദുൽറഹിം ദഗ്ലോ, സുഡാൻ പീപ്പിൾസ് ലിബറേഷൻ മൂവ്മെന്റ് -നോർത്ത് (എസ്പിഎൽഎം-എൻ) ഡെപ്യൂട്ടി ചെയർമാൻ ജോസഫ് ടുക എന്നിവരും ഒപ്പുവച്ചവരിൽ ഉൾപ്പെടുന്നു. നിവർ ഒപ്പുവച്ചവരിൽ ഉൾപ്പെടുന്നു. മുൻ സോവറിൻ കൗൺസിൽ അംഗം മുഹമ്മദ് ഹസൻ അൽ-തൈഷി സ്വതന്ത്ര വ്യക്തികളെ പ്രതിനിധീകരിച്ച് ചാർട്ടറിൽ ഒപ്പുവച്ചു.

യുദ്ധം അവസാനിപ്പിക്കുക, മാനുഷിക സഹായം ഉറപ്പാക്കുക, സായുധ ഗ്രൂപ്പുകളെ ഒരൊറ്റ ദേശീയ ശക്തിയായി സംയോജിപ്പിക്കുക എന്നിവയാണ് നിർദ്ദിഷ്ട സർക്കാർ ലക്ഷ്യമിടുന്നത്. ചാർട്ടർ അനുസരിച്ച്, സിവിലിയന്മാർക്കും സിവിലിയൻ വസ്തുക്കൾക്കുമെതിരായ ലംഘനങ്ങൾ തടയുക, ഭരണഘടനാ അവകാശങ്ങളും (ആരോഗ്യം, വിദ്യാഭ്യാസം, സുരക്ഷ, തിരിച്ചറിയൽ രേഖകൾ എന്നിവയുൾപ്പെടെ), സിവിലിയൻ ഭരണവും പുനഃസ്ഥാപിക്കുക എന്നിവയാണ് സർക്കാരിന്റെ കടമകൾ.

വൈവിധ്യത്തെയും ബഹുസ്വരതയെയും പ്രതിഫലിപ്പിക്കുന്ന പുതിയ സൈനിക സിദ്ധാന്തത്തോടുകൂടിയ ദേശീയ സൈന്യം രൂപീകരിക്കാനുള്ള ചട്ടക്കൂടും രൂപീകരിച്ചിട്ടുണ്ട്. എന്നാൽ എല്ലാ സംഘടനകളെയും ഒരൊറ്റ സൈന്യത്തിൽ ലയിപ്പിക്കുന്നത് എസ്പിഎൽഎം-എൻ ചെയർമാൻ അബ്ദൽ അസീസ് അൽ-ഹിലു തള്ളിക്കളഞ്ഞു. സുഡാൻ സർക്കാരുമായി സമഗ്രമായ ഒരു സമാധാന കരാർ ഒപ്പിട്ടതിനുശേഷം മാത്രമേ അത്തരമൊരു നടപടി ഉണ്ടാകൂ എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഗവൺമെന്റുമായോ, സായുധ ഗ്രൂപ്പുകളുമായോ, രാഷ്ട്രീയ ശക്തികളുമായോ ഒപ്പുവയ്ക്കുന്ന ഏതൊരു കരാറിലോ രാഷ്ട്രീയ പ്രഖ്യാപനത്തിലോ മതേതരത്വം സ്വീകരിക്കുകയോ സ്വയം നിർണയാവകാശം സ്വീകരിക്കുകയോ ചെയ്യണമെന്ന് എസ്പിഎൽഎം-എൻ നിരന്തരം ആവശ്യമുന്നയിച്ചിരുന്നു. രാജ്യത്ത് സമാന്തര സർക്കാർ രൂപീകരിക്കാനുള്ള സാധ്യതയുണ്ടെന്ന് ഐക്യരാഷ്ട്ര സഭ നേരത്തെ മുന്നറിയിപ്പ് നൽകിയിരുന്നു. ഏകദേശം രണ്ട് വർഷത്തെ യുദ്ധത്തിൽ കടുത്ത പ്രതിസന്ധി നേരിടുന്ന സുഡാനിൽ സമാന്തര സർക്കാർ രൂപീകരണം കൂടുതൽ പ്രത്യാഘാതങ്ങളുണ്ടാക്കും. ശനിയാഴ്ച, ചാർട്ടറിനെതിരെയും സമാന്തര സർക്കാർ രൂപീകരണത്തിനെതിരെയും ഗദാരെഫിലും ഓംദുർമാനിലും പ്രതിഷേധങ്ങൾ നടന്നു. ചടങ്ങിന് അനുമതി നൽകിയതിനെതിരെ സുഡാൻ കെനിയൻ സർക്കാരിനോട് എതിർപ്പ് അറിയിച്ചിരുന്നു. സംഘർഷം അവസാനിപ്പിക്കുന്നതിനുള്ള ഒരു വേദി ഒരുക്കുന്നതിൽ പങ്കാളിത്തം ചൂണ്ടിക്കാട്ടിയാണ് കെനിയ ഇതിനെ ന്യായീകരിച്ചത്.



# ഓസ്ട്രേലിയയിലേക്ക് നഴ്സിംഗ് റിക്രൂട്ട്മെന്റ്: ഇൻവെസ്റ്റ് കേരള ഉച്ചകോടിയിൽ ത്രികക്ഷി ധാരണാപത്രം ഒപ്പിട്ടു

ഓസ്ട്രേലിയയിലെ ന്യൂ സൗത്ത് വെയിൽസിൽ (ചടണ) വയോജനപരിചരണം, നഴ്സിംങ് മേഖലകളിലേയ്ക്ക് കേരളത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് റിക്രൂട്ട്മെന്റ് സാധ്യത ഒരുക്കുന്ന ത്രികക്ഷി (നോർക്ക റൂട്ട്സ്, കെ-ഡിസ്ക് , ദ മൈഗ്രേഷൻ ഏജൻസി) ധാരണാപത്രം (MoU) ഒപ്പിട്ടു.

കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപ സംഗമമായ ഇൻവെസ്റ്റ് കേരള ഉച്ചകോടിയുടെ ഭാഗമായി നടന്ന ചടങ്ങിൽ കെ-ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി.വി. ഉണ്ണികൃഷ്ണൻ, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കൊളശ്ശേരി, ദ മൈഗ്രേഷൻ ഏജൻസിയുടെ മാനേജിംഗ് ഡയറക്ടർ സാറാ താപ്പ എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ന്യൂ സൗത്ത് വെയിൽസിലെ വയോജന പരിപാലനം, നഴ്സിംഗ് മേഖലകളിലുള്ള വിദഗ്ദ്ധരുടെ കുറവ് പരിഹരിക്കുന്നതിനായി കേരളത്തിൽ നിന്നുള്ള പ്രൊഫഷണലുകളെ പരിശീലിപ്പിച്ച് റിക്രൂട്ട്ചെയ്യുകയാണ് ലക്ഷ്യം.

ന്യൂ സൗത്ത് വെയിൽസ് സർക്കാറിന്റെ ഇൻവെസ്റ്റ്മെന്റ് ചടണ വിന്റെ പിന്തുണയോടെയാണ് റിക്രൂട്ട്മെന്റ്. കെ-ഡിസ്ക് എക്സിക്യുട്ടീവ് ഡയറക്ടർ പി.എം. റിയാസ്, നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് മാനേജർ പ്രകാശ് പി ജോസഫ്, സാറാ താപ്പ എന്നിവരാണ് ധാരണാപത്രം കൈമാറിയത്. ഓസ്ട്രേലിയയിലേയ്ക്ക് നിരവധി അവസരങ്ങൾക്ക് വഴിതുറക്കുന്നതാണ് ധാരണാപത്രമെന്ന് അജിത് കോളശ്ശേരി അഭിപ്രായപ്പെട്ടു.

ഇൻവെസ്റ്റ് കേരള ഉച്ചകോടിയിലെ ഓസ്ട്രേലിയൻ പവിലിയനിൽ നടന്ന ധാരണാപത്ര കൈമാറ്റ ചടങ്ങിൽ ചെന്നൈയിലെ ഓസ്ട്രേലിയൻ ഡെപ്യൂട്ടി കോൺസുൽ ജനറൽ ഡേവിഡ് എഗ്ലസ്റ്റൺ, ന്യൂ സൗത്ത് വെയിൽസ് പ്രതിനിധികളായ ട്രേഡ് & ഇൻവെസ്റ്റ്മെന്റ് കമ്മീഷണർ മാലിനി ദത്ത്, ഇന്റർനാഷണൽ എഡ്യൂക്കേഷൻ (ഇന്ത്യ) ഡയറക്ടർ, സുചിത ഗോകർൺ, നോർക്ക വകുപ്പ് അഡീഷണൽ സെക്രട്ടറി ബി. സുനിൽകുമാർ, നോർക്ക റൂട്ട്സ് ജനറൽ മാനേജർ രശ്മി റ്റി, എന്നിവരും ധാരണാപത്ര കൈമാറ്റ ചടങ്ങിൽ സന്നിഹിതരായിരുന്നു. ലോകോത്തരമായ ആരോഗ്യ ഗവേഷണ സ്ഥാപനങ്ങളും അത്യാധുനിക ആരോഗ്യസൗകര്യങ്ങളുമുള്ള ന്യൂ സൗത്ത് വെയിൽസിൽ നിലവിൽ 18,000 ത്തോളം ആരോഗ്യപ്രവർത്തകരാണ് ജോലിചെയ്യുന്നത്. 2036 ഓടെ ഇത് 50,000 മായി ഉയരുമെന്നും മാലിനി ദത്ത് അഭിപ്രായപ്പെട്ടു.

ടെക്നോളജി, എഞ്ചിനീയറിംഗ്, ട്രേഡ് മേഖലകളിലെ കേരളത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ ഓസ്ട്രേലിയൻ തൊഴിൽസാധ്യതകളുമായി ബന്ധിപ്പിക്കുന്നതിനും ഇത് സഹായിക്കുമെന്നും സാറാ താപ്പയും പറഞ്ഞു.

# സംസ്ഥാന മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു

സംസ്ഥാന സർക്കാരിന്റെ 2022ലെ സംസ്ഥാന മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു. പ്രിന്റ് മീഡിയ ജനറൽ റിപ്പോർട്ടിംഗിൽ മലയാള മനോരമ സ്പെഷ്യൽ കറസ്പോണ്ടന്റ് സി. കെ. ശിവാനന്ദനാണ് അവാർഡ്. ഇങ്ങനെ ചെയ്യരുത്, ഈ മക്കളോട് എന്ന വാർത്തയ്ക്കാണ് അവാർഡ്. മാതൃഭൂമിയിലെ അസിസ്റ്റന്റ് കണ്ടന്റ് മാനേജർ രമ്യ കെ. എച്ച് തയ്യാറാക്കിയ നീതിദേവതേ കൺതുറക്കൂ എന്ന വാർത്ത ജൂറി സ്പേഷ്യൽ മെൻഷന് അർഹമായി. വികസനോൻമുഖ റിപ്പോർട്ടിംഗിൽ മെട്രോ വാർത്ത അസോസിയേറ്റ് എഡിറ്റർ എം. ബി. സന്തോഷിനാണ് അവാർഡ്. കേരളം കാണാത്ത കാഴ്ചകൾ എന്ന വാർത്തയാണ് അവാർഡിന് അർഹമായത്. ഫോട്ടോഗ്രഫി വിഭാഗത്തിൽ ദേശാഭിമാനി ഫോട്ടോഗ്രാഫർ ജയകൃഷ്ണൻ ഓമല്ലൂരും മലയാള മനോരമ ചീഫ് ഫോട്ടോഗ്രാഫർ മനോജ് ചേമഞ്ചേരിയും അവാർഡിന് അർഹരായി. കാർട്ടൂൺ വിഭാഗത്തിൽ മലയാള മനോരമ ചീഫ് കാർട്ടൂണിസ്റ്റ് ബൈജു പൗലോസും കേരളകൗമുദി കാർട്ടൂണിസ്റ്റ് ടി. കെ. സുജിത്തും അവാർഡിന് അർഹരായി.

ടെലിവിഷൻ വിഭാഗത്തിൽ ടിവി ന്യൂസ് റിപ്പോർട്ടിംഗിൽ മാതൃഭൂമി ന്യൂസിലെ ജി. പ്രശാന്ത്കൃഷ്ണയ്ക്കാണ് അവാർഡ്. ജി. എസ്. ടി ചോരുന്ന വഴികൾ എന്ന വാർത്തയ്ക്കാണ് അവാർഡ്. മനോരമ ന്യൂസ് സീനിയർ കറസ്പോണ്ടന്റ് ജസ്റ്റീന തോമസിന് ജൂറി സ്പെഷ്യൽ മെൻഷൻ ലഭിച്ചു. വൃദ്ധമാതാപിതാക്കളെ ആശുപത്രികളിൽ നടതള്ളുന്ന വാർത്തയ്ക്കാണ് അവാർഡ്. ടിവി സാമൂഹിക ശാക്തീകരണ റിപ്പോർട്ടിംഗിൽ ഏഷ്യാനെറ്റ് ന്യൂസിലെ ചീഫ് റിപ്പോർട്ടർ വിനീത വി. പി അവാർഡിന് അർഹയായി. അവൾ ഒരുത്തീ എന്ന വാർത്തയ്ക്കാണ് അവാർഡ്. ടിവി ന്യൂസ് എഡിറ്റിങ്ങിൽ മനോരമ ന്യൂസ് സീനിയർ വീഡിയോ എഡിറ്റർ ബിനോജ് എൻ അവാർഡിന് അർഹനായി. ജീവനാണ് തിരിച്ചു തരണം എന്ന വാർത്ത എഡിറ്റ് ചെയ്തതിനാണ് അവാർഡ്. ടിവി ന്യൂസ് ക്യാമറയിൽ മാതൃഭൂമി ന്യൂസ് സീനിയർ ക്യാമറാമാൻ കെ. വി. ഷാജുവിനാണ് അവാർഡ്. നാമാവശേഷമാകുന്ന പാറക്കുളങ്ങളെക്കുറിച്ചുള്ള വിഷ്വലിനാണ് അവാർഡ്. ടിവി അഭിമുഖത്തിൽ കേരളകൗമുദി ചീഫ് ന്യൂസ് എഡിറ്റർ വി. എസ്. രാജേഷ് കൗമുദി ടിവിയ്ക്കു വേണ്ടി ടി. പദ്മനാഭനുമായി നടത്തിയ അഭിമുഖം അവാർഡിന് അർഹമായി. ടിവി ന്യൂസ് പ്രസന്റർ വിഭാഗത്തിൽ 24 ന്യൂസ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഡിറ്റർ എസ്. വിജയകുമാറിനാണ് അവാർഡ്.പ്രിന്റ് മീഡിയ വിഭാഗത്തിൽ എ. ജി. ഒലീന, ജോൺമേരി, കെ. പി. രവീന്ദ്രനാഥ് എന്നിവരടങ്ങുന്ന ജൂറിയാണ് വിധി നിർണയിച്ചത്. കാർട്ടൂൺ വിഭാഗത്തിൽ പി. എസ്. റംഷാദ്, സുബിഷ് സുധി, കെ. വി. കുഞ്ഞിരാമൻ എന്നിവരായിരുന്നു ജൂറി. ടെലിവിഷൻ വിഭാഗത്തിൽ മനോജ്കുമാർ കെ., ടി. എം. ഹർഷൻ, സണ്ണിജോസഫ് എന്നിവരടങ്ങുന്ന ജൂറിയാണ് വിധി നിർണയിച്ചത്.

# ശിവാലയ ഓട്ടം ചൊവ്വാഴ്ച തുടങ്ങും; ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ

നെയ്യാറ്റിൻകര: ശിവരാത്രിയോടനുബന്ധിച്ച് തിരുവനന്തപുരം-കന്യാകുമാരി ഭാഗങ്ങളിൽ നിലനിൽക്കുന്ന ആചാരമായ ശിവാലയ ഓട്ടം ശിവരാത്രിയുടെ തലേദിവസം വൈകിട്ട് തുടങ്ങും. ശിവാലയ ഓട്ടത്തിനുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിലാണ്

ശിവരാത്രിയുടെ തലേ ദിവസം വൈകുന്നേരം താമ്രപർണിനദിയിൽ കുളിച്ചശേഷം തിരുമല ക്ഷേത്രത്തിൽ നിന്നും ആരംഭിക്കുന്ന ഓട്ടം ശിവരാത്രി ദിവസം വൈകുന്നേരത്തോടുകൂടി തിരുനട്ടാലം ക്ഷേത്രത്തിൽ അവസാനിക്കുന്നു. കാവി വസ്ത്രം, തുളസിമാല എന്നിവ അണിഞ്ഞ് കൈകളിൽ വിശറിയും ഭസ്മ സഞ്ചിയും കൊണ്ടാണ് ഭക്തർ ദർശനം നടത്തുന്നത്. ശിവക്ഷേത്രങ്ങളിലേക്കാണ് യാത്രയെങ്കിലും ഗോവിന്ദാ.... ഗോപാലാ.... എന്നീ വൈഷ്ണവ മന്ത്രങ്ങളാണ് ഇവർ ഉരുവിടുന്നത്. അതിനാൽ ഇവർ ഗോവിന്ദന്മാർ എന്ന പേരിലും അറിയപ്പെടുന്നു. നെയ്യാറ്റിൻകര: കന്യാകുമാരി ജില്ലയിലുള്ള വിളവൻകോട്, കൽക്കുളം താലൂക്കുകളിലായുള്ള 12 ശിവക്ഷേത്രങ്ങളിൽ ഒരു രാത്രിയും ഒരു പകലുംകൊണ്ട് ദർശനം നടത്തുകയെന്നതാണ് ശിവാലയ ഓട്ടം. 'ചാലയം ഓട്ടം' എന്നും ഇത് അറിയപ്പെടുന്നുണ്ട്.

ശിവാലയ ഓട്ടത്തിലെ ഒന്നാമത്തെ ക്ഷേത്രമാണ് തിരുമല ശിവക്ഷേത്രം. ഇവിടെ ശൂലപാണി ഭാവത്തിലാണ് ശിവനെ പ്രതിഷ്ഠിച്ചിരിക്കുന്നത്. 11-ാം നൂറ്റാണ്ടോളം പഴക്കം വരുന്ന ശിലാലിഖിതങ്ങൾ ഈ ക്ഷേത്രത്തിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. രാജേന്ദ്രചോളൻ ഒന്നാമന്റെ കാലത്തെക്കുറിച്ചുള്ള പരാമർശവും ഇവിടെ നിന്നും ലഭിച്ചിട്ടുണ്ട്. മുഞ്ചിറൈ തിരുമലൈ തേവർ എന്നാണ് ഈ ക്ഷേത്രം പണ്ട് അറിയപ്പെട്ടിരുന്നത്. തിരുവനന്തപുരം-കന്യാകുമാരി ദേശീയപാതയിൽ കുഴിത്തുറയ്ക്ക് സമീപമുള്ള വെട്ടുവെന്നിയിൽ നിന്നും തേങ്ങാപ്പട്ടണത്തേക്കുള്ള വഴിയിലാണ് ഈ ക്ഷേത്രം. താമ്രപർണി നദീതീരത്താണ് രണ്ടാമത്തെ ക്ഷേത്രമായ തിക്കുറിച്ചി ശിവക്ഷേത്രം സ്ഥിതിചെയ്യുന്നത്. നന്ദി വാഹനമില്ലാത്ത മഹാദേവ പ്രതിഷ്ഠയാണ് ഇവിടെ.

തിരുമലയിൽ നിന്നു മാർത്താണ്ഡം പാലത്തിലൂടെ ഞാറാം വിളയിലെത്തി ചിതറാളിലേക്കുള്ള വഴിയിലൂടെ ഈ ക്ഷേത്രത്തിലെത്താം. കുഴിത്തുറയിൽ നിന്നു 15 കിലോമീറ്റർ അകലെയാണ് മൂന്നാമത്തെ ക്ഷേത്രമായ തൃപ്പരപ്പ് ശിവക്ഷേത്രം. കോതയാറിന്റെ തീരത്താണ് ഈ പുരാതന ക്ഷേത്രം. ശങ്കരാചാര്യർ ഈ ക്ഷേത്രത്തിലെത്തിയിട്ടുണ്ടെന്നാണ് വിശ്വാസം. ദക്ഷനെ വധിച്ച വീരഭദ്രരൂപത്തിലാണ് ഇവിടുത്തെ ശിവ പ്രതിഷ്ഠ.

ക്ഷേത്രത്തിന് ഒമ്പതാം നൂറ്റാണ്ടോളം പഴക്കം കണക്കാക്കുന്നു. ആയ് രാജാവായ കരുനന്തടക്കന്റെ കാലത്ത് തയ്യാറാക്കിയ രണ്ട് ചെമ്പോലകൾ ഇവിടെനിന്നും കണ്ടെടുത്തിട്ടുണ്ട്. തിക്കുറിച്ചിയിൽ നിന്നും കളിയൽ വഴിയും കുലശേഖരം വഴിയും ക്ഷേത്രത്തിലെത്താം. നന്തി ആറിന്റെ കരയിലാണ് നാലാമത്തെ ക്ഷേത്രമായ തിരുനന്തിക്കര ശിവക്ഷേത്രം സ്ഥിതി ചെയ്യുന്നത്. കേരളീയ ക്ഷേത്ര ശില്പകലാ രീതിയിലാണ് ക്ഷേത്രത്തിന്റെ നിർമാണം. നന്ദികേശ്വര രൂപത്തിലാണ് ശിവ പ്രതിഷ്ഠ. തൃപ്പരപ്പിൽ നിന്നും കുലശേഖരം വഴി എട്ട് കിലോമീറ്റർ സഞ്ചരിച്ചാൽ തിരുനന്തിക്കരയിലെത്താം.

അഞ്ചാമത്തെ ക്ഷേത്രമായ പൊന്മനയിലെ ശിവൻ തീമ്പിലാധിപൻ എന്നാണറിയപ്പെടുന്നത്. തീമ്പൻ എന്ന ശിവഭക്തന് ദർശനം നല്കിയതുമായി ബന്ധപ്പെട്ടാണ് ഈ പേരുണ്ടായത്. പൊന്മനയ്ക്കടുത്തുള്ള മംഗലം എന്ന സ്ഥലം പഴയ നാഞ്ചിനാടിന്റെ അതിർത്തിയായി കണക്കാക്കുന്നു. തിരുനന്തിക്കരയിൽ നിന്നുള്ള കുലശേഖരം പെരുഞ്ചാണി റോഡിൽ എട്ട് കിലോമീറ്റർ സഞ്ചരിച്ചാൽ പൊന്മനയിലെത്താം. നെൽവയലുകൾക്ക് മധ്യത്തിലാണ് ആറാമത്തെ ക്ഷേത്രമായ പന്നിപ്പാകം ക്ഷേത്രം. അർജുനൻ ശിവനിൽ നിന്നും പാശുപതാസ്ത്രം നേടിയ കഥയുമായി ഈ ക്ഷേത്ര ഐതിഹ്യം ബന്ധപ്പെട്ടു കിടക്കുന്നു. ഇതിന് സമീപത്തായി കാട്ടാളൻ കോവിൽ എന്നൊരു ക്ഷേത്രവുമുണ്ട്.

പൊന്മന നിന്ന് വലിയാറ്റുമുഖം വഴി പന്നിപ്പാകം ക്ഷേത്രത്തിലെത്താം. ഏഴാമത്തെ ക്ഷേത്രമായ കൽക്കുളം ശിവക്ഷേത്രത്തിന്റെ പഴയ പേര് ശ്രീ വർത്തമാനപുരം എന്നതായിരുന്നു. പിന്നീട് കൽക്കുളം എന്ന പേരിൽ ഇവിടം അറിയപ്പെട്ടു. ക്രിസ്തുവർഷം 1744 ൽ മാർത്താണ്ഡവർമ്മ തിരുവിതാംകൂറിന്റെ തലസ്ഥാനമായി കൽക്കുളം തെരഞ്ഞെടുക്കുകയും പത്മനാഭപുരം എന്ന് പേരിടുകയും ചെയ്തു. പാർവതീ സമേതനായ ശിവപ്രതിഷ്ഠയാണിവിടെ. ശിവാലയ ഓട്ടം നടക്കുന്ന ശിവക്ഷേത്രങ്ങളിൽ പാർവതി പ്രതിഷ്ഠയുള്ളതും രഥോത്സവം നടക്കുന്നതുമായ ഏക ക്ഷേത്രമാണിത്. പാർവതി പ്രതിഷ്ഠ ആനന്ദവല്ലി അമ്മൻ എന്നാണറിയപ്പെടുന്നത്. പന്നിപ്പാകത്തു നിന്നും ആറു കിലോമീറ്റർ സഞ്ചരിച്ചാൽ കൽക്കുളത്തെത്താം. കാലകാല രൂപത്തിലാണ് ഇവിടുത്തെ ഏട്ടാമത്തെ ക്ഷേത്രമായ മേലാങ്കോട്ട് ക്ഷേത്രത്തിലെ ശിവ പ്രതിഷ്ഠ. എട്ട് ക്ഷേത്രങ്ങളുടെ സമുച്ചയമാണ് മേലാങ്കോട്. പത്മനാഭപുരത്തു നിന്നും രണ്ട് കിലോമീറ്റൽ സഞ്ചരിച്ചാൽ മേലാങ്കോട് ക്ഷേത്രത്തിലെത്താം.

ഒമ്പതാമത്തെ ക്ഷേത്രമായ തിരുവിടൈക്കോട്ട് ശിവക്ഷേത്രത്തിലെ നന്ദി വിഗ്രഹത്തിനു ജീവൻ വച്ചതിനെ തുടർന്നാണ് തിരുവിടൈക്കോട് എന്ന പേരു വരാൻ കാരണമെന്ന് വിശ്വാസമുണ്ട്.

വിടൈ എന്നാൽ കാള എന്നാണ് അർത്ഥം. 18 സിദ്ധന്മാരിൽ ഒരാളായ എടൈക്കാടർ സ്വർഗം പൂകിയത് ഈ ക്ഷേത്രത്തിൽ നിന്നായിരുന്നുവെന്നും അങ്ങനെയാണു ഈ ക്ഷേത്രത്തിനു തിരുവിടൈക്കോട് എന്ന പേരുവരാൻ കാരണമെന്നും മറ്റൊരു വിശ്വാസമുണ്ട്.. ചടയപ്പൻ അഥവാ ജടയപ്പൻ ആണ് തിരുവിടൈക്കോട്ടെ പ്രതിഷ്ഠ. മേലാങ്കോട്ടു നിന്നും അഞ്ച് കിലോമീറ്റർ സഞ്ചരിച്ചാൽ തിരുവിടൈക്കോട് ക്ഷേത്രത്തിലെത്താം. ആയ്, വേല് രാജവംശങ്ങളുമായി ബന്ധമുള്ള പ്രാചീന ക്ഷേത്രമാണ് പത്താമത്തെ ക്ഷേത്രമായ തിരുവിതാംകോട്. മൂന്നു ഏക്കറോളം വരുന്നതാണു ക്ഷേത്രസ്ഥലം. തക്കല കേരളപുരം വഴി തിരുവിതാംകോട് ക്ഷേത്രത്തിലെത്താം. മഹാവിഷ്ണുവിന്റെ വരാഹാവതാരവുമായി ബന്ധപ്പെട്ടതാണ് 11-ാമത്തെ ക്ഷേത്രമായ തൃപ്പന്നിക്കോട് ശിവക്ഷേത്രത്തിന്റെ ഐതിഹ്യം. വരാഹത്തിന്റെ തേറ്റ (കൊമ്പ്) മുറിച്ച രൂപത്തിലാണ് ഇവിടുത്തെ പ്രതിഷ്ഠ. കേരള ക്ഷേത്ര ശില്പ മാതൃകയിലുള്ള ദ്വിതല ശ്രീകോവിലാണ് ഇവിടെ. കുഴിക്കോട് പള്ളിയാടി വഴി എട്ട് കിലോമീറ്റർ സഞ്ചരിച്ചാൽ ക്ഷേത്രത്തിലെത്താം.

ശിവാലയ ഓട്ടത്തിലെ അവസാന ക്ഷേത്രമാണ് തിരുനട്ടാലം ശിവക്ഷേത്രം. ശങ്കരനാരായണ പ്രതിഷ്ഠയുള്ള ക്ഷേത്രവും ഇതാണ്. ശിവ പ്രതിഷ്ഠയും ശങ്കരനാരായണ പ്രതിഷ്ഠയുമുള്ള രണ്ട് ക്ഷേത്രങ്ങൾ ഇവിടെയുണ്ട്. രണ്ടു ക്ഷേത്രങ്ങൾക്കിടയിലായി ഒരു കുളവും കാണാം. മഹാഭാരത കഥയുമായി ബന്ധപ്പെട്ടാണ് ശിവാലയ ഓട്ടത്തിന്റെ ഐതിഹ്യം.

# മാർപാപ്പയ്ക്കായി ഇന്നു പ്രത്യേക പ്രാർഥന നടത്തണം: സിബിസിഐ

ന്യൂഡൽഹി: റോമിലെ ജെമെല്ലി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഫ്രാൻസിസ് മാർപാപ്പ എത്രയും വേഗം സുഖം പ്രാപിക്കുന്നതിനായി എല്ലാ പള്ളികളിലും ക്രൈസ്തവസ്ഥാപനങ്ങളിലും ഇന്ന് വിശുദ്ധ കുർബാനയോടൊപ്പം പ്രത്യേക പ്രാർഥനകൾ നടത്തണമെന്ന് ഭാരത കത്തോലിക്കാ മെത്രാൻ സമിതി (സിബിസിഐ) അധ്യക്ഷൻ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അഭ്യർഥിച്ചു.മാർപാപ്പയുടെ ആരോഗ്യത്തിനായി രാജ്യത്തെ എല്ലാ രൂപതകളിലും ഇടവകകളിലും പ്രാർഥനാസമൂഹങ്ങളിലും ദിവ്യകാരുണ്യ ആരാധന നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

# ലവ് ജിഹാദ് ആരോപിച്ച് കമിതാക്കൾക്ക് ക്രൂരമർദനം

ഭോപ്പാൽ: വിവാഹം രജിസ്റ്റർ ചെയ്യാനെത്തിയ വ്യത്യസ്ത മതത്തിൽപ്പെട്ട കമിതാക്കൾക്ക് കോടതിയിൽ വച്ച് ക്രൂരമർദനം. മധ്യപ്രദേശിലെ രേവ ജില്ലയിലെ കോടതിയിലാണ് സംഭവം. ലൗ ജിഹാദ് ആരോപിച്ചാണ് അഭിഭാഷകർ ഉൾപ്പെടെയുള്ള സംഘം ആക്രമണം നടത്തിയത്. ഹിന്ദു യുവതിയെ പ്രണയം നടിച്ച് മതം മാറ്റാനുള്ള ശ്രമമാണെന്ന് ആരോപിച്ച് മുസ്ലിം യുവാവിനെ ക്രൂരമായി മർദിക്കുകയായിരുന്നു.

ബുർഖ ധരിച്ചെത്തിയ യുവതി പേര് വെളിപ്പെടുത്താൻ വിസമ്മതിച്ചതോടെ അഭിഭാഷകർ ബലമായി ആധാർ പിടിച്ചുവാങ്ങി പരിശോധിക്കുകയായിരുന്നു. തുടർന്ന് ഇരുമതത്തിൽപ്പെട്ടവരാണെന്ന് വ്യക്തമായതോടെ കൂട്ടം ചേർന്ന് ആക്രമിക്കുകയായിരുന്നു. പൊലീസെത്തിയാണ് ഇവരെ രക്ഷപ്പെടുത്തി വീട്ടിലെത്തിച്ചത്. സംഭവത്തിൽ അന്വേഷണം ആരംഭിച്ചതായി പൊലീസ് സൂപ്രണ്ട് വിവേക് കുമാർ പറഞ്ഞു.

ഈമാസം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട രണ്ടാമത്തെ സംഭവമാണിത്. ഫെബ്രുവരി ഏഴിന് ഭോപ്പാലിലെ ഒരു കോടതിയിൽ വിവാഹം രജിസ്റ്റർ ചെയ്യാനെത്തിയ മുസ്ലിം യുവാവിനെയും ഹിന്ദു യുവതിയെയും കോടതിക്കുള്ളിൽ വച്ച് ആക്രമിച്ചിരുന്നു.

# റവന്യൂ ദിനാഘോഷവും പുരസ്കാര വിതരണവും ഇന്ന്

ഈ വർഷത്തെ റവന്യൂ ദിനാഘോഷവും റവന്യൂ, സർവെ വകുപ്പ് ജീവനക്കാർക്കുള്ള പുരസ്കാര 'വിതരണവും ഇന്ന് (ഫെബ്രുവരി 24) വൈകുന്നേരം 4 ന് തിരുവനന്തപുരം വഴുതക്കാട് ടാഗോർ തിയേറ്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ അധ്യക്ഷത വഹിക്കും. മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ, എം പിമാർ, എം എൽ എ മാർ , മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. കേരളത്തിലെ റവന്യൂ ഭരണത്തിന്റെ അടിസ്ഥാന രേഖയായി കരുതുന്ന 1886 ഫെബ്രുവരി 24 ലെ തിരുവിതാംകൂർ സെറ്റിൽമെന്റ് വിളംബരത്തിന്റെ അടിസ്ഥാനത്തിലാണ് ഫെബ്രുവരി 24 റവന്യു ദിനമായി ആചരിക്കുന്നത്.

# ഏജൻസികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് നിലവിൽ സർക്കാർ അക്രഡിറ്റേഷൻ ഉണ്ടായിരുന്ന ഏജൻസികളും പുതുതായി അക്രഡിറ്റേഷൻ ആഗ്രഹിക്കുന്ന ഏജൻസികളും 2024-26 വർഷത്തേക്ക് അക്രഡിറ്റേഷൻ ലഭിക്കുന്നതിന് 29/01/2025 ലെ ധന ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അപേക്ഷകൾ സമർപ്പിക്കണം. അപേക്ഷകൾ, വിശദമായ പ്രൊഫോർമയും മറ്റ് അനുബന്ധ രേഖകളും സഹിതം ഫെബ്രുവരി 28ന് വൈകീട്ട് 5 നകം അഡീഷണൽ സെക്രട്ടറി, ധനകാര്യ (ഇൻഡസ്ട്രീസ് ആൻഡ് പബ്ലിക് വർക്സ് ബി) വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695001 എന്ന വിലാസത്തിൽ നേരിട്ട്/ തപാൽ മുഖേനയും ഇ-മെയിലൂടെയും ലഭ്യമാക്കണം. ഇ-മെയിൽ: indpwb@gmail.com, കൂടുതൽ വിവരങ്ങൾക്ക്: 0471 2518834, 0471 2518318.

# മണിപ്പൂരിലെ ഡ്രോൺ ബോംബുകൾക്ക് ഡൽഹി, ഹരിയാന ബന്ധം: എൻഐഎ

ന്യൂഡൽഹി: മണിപ്പൂർ കലാപം ആളിക്കത്തിച്ച് കഴിഞ്ഞ വർഷം സെപ്റ്റംബറിലുണ്ടായ ആക്രമണത്തിൽ വർഷിച്ച ഡ്രോൺ ബോംബുകൾക്കു പിന്നിൽ ഡൽഹി, ഹരിയാന പൗരന്മാരെന്ന് ദേശീയ അന്വേഷണ ഏജൻസി.ഇംഫാൽ വെസ്റ്റിലെ കൗട്രുക്ക്, കടംഗ്ബന്ദ്, സെൻജം ചിരാംഗ് എന്നിവിടങ്ങളിൽ കഴിഞ്ഞ വർഷം സെപ്റ്റംബർ ഒന്നിനായിരുന്നു മണിപ്പൂരിൻറെ ചരിത്രത്തിൽ ആദ്യമായി 40 ഡ്രോണുകൾ ഉപയോഗിച്ചുള്ള ബോംബാക്രമണം.

ഡൽഹി സ്വദേശി മായങ്ക് ശർമ, ഹരിയാനയിലെ റോഹ്തക് സ്വദേശി വിക്രം ചൗധരി എന്നിവരാണു മണിപ്പൂരിലെ തീവ്രവാദികൾക്ക് ഡ്രോണുകൾ വിതരണം ചെയ്തതെന്നാണ് എൻഐഎയുടെ കണ്ടെത്തൽ.മണിപ്പൂരിലെ ഗാംഗ്ഗൈ ഗ്രാമവാസിയായ ഖൈഗൗലെൻ കിപ്ഗെൻ എന്നയാളാണു വൻതുക നൽകി ഡ്രോൺ ബോംബുകൾ വാങ്ങിയത്. പണമായും ഓൺലൈനായും തുക നൽകിയാണ് കിപ്ഗെൻ ഡ്രോണുകളും ബാറ്ററികൾ ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങളും വാങ്ങിയതെന്ന് എൻഐഎ പറഞ്ഞു.ലൈകാംഗ് ബാം ആൽബർട്ട് സിംഗ് (36) എന്നയാളും ശർമയിൽനിന്നും ചൗധരിയിൽനിന്നും ഡ്രോണുകളും ബാറ്ററികളും വാങ്ങിയിട്ടുണ്ടെന്നും എൻഐഎ കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ അവകാശപ്പെട്ടു.സെപ്റ്റംബർ 20നാണ് കേസന്വേഷണം എൻഐഎ ഏറ്റെടുത്തത്. ഡ്രോൺ ബോംബാക്രമണത്തിൽ 31 വയസുള്ള എൻഗാംഗ്ബാം സുർബല ദേവി എന്ന സ്ത്രീ കൊല്ലപ്പെടുകയും അവരുടെ ആറു വയസുള്ള മകൾക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

മണിപ്പൂരിലെ മെയ്തെയ്, കുക്കി വിഭാഗങ്ങളുടെ കൈവശമുള്ള അനധികൃത ആയുധങ്ങൾ വെള്ളിയാഴ്ച വൈകുന്നേരത്തിനകം തിരിച്ചുനൽകിയില്ലെങ്കിൽ കർശന നടപടിയെന്നു ചീഫ് സെക്രട്ടറി പ്രശാന്ത് കുമാർ സിംഗ്. ആയുധങ്ങൾ അടിയറവ് വയ്ക്കാനുള്ള സമയപരിധി നീട്ടിനൽകണമെന്ന മെയ്തെയ്, കുക്കി സംഘടനകളുടെ ആവശ്യം അദ്ദേഹം തള്ളി.

സമാധാനം പുനഃസ്ഥാപിക്കാനും സ്ഥിരത കൊണ്ടുവരാനുമുള്ള പ്രക്രിയയിലെ ആദ്യത്തേതും പ്രധാനവുമായ നടപടിയാണ് നിയമവിധേയമല്ലാത്ത ആയുധങ്ങൾ വീണ്ടെടുക്കുകയെന്ന് പി.കെ. സിംഗ് ചൂണ്ടിക്കാട്ടി.

വേണമെങ്കിൽ അവർക്ക് ഒരു ദിവസംകൊണ്ട് ആയുധങ്ങൾ തിരിച്ചുനൽകാൻ കഴിയുമെന്നും കൊള്ളയടിച്ചതും അനധികൃതവുമായ ആയുധങ്ങൾ സുരക്ഷയ്ക്കു ഭീഷണിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കഴിഞ്ഞ 13നാണ് മണിപ്പൂരിൽ രാഷ്ട്രപതിഭരണം ഏർപ്പെടുത്തിയത്.ആയുധങ്ങൾ വീണ്ടെടുക്കുന്നതിന് വെള്ളിയാഴ്ചയ്ക്കുശേഷം സുരക്ഷാ സേനകൾ കർശന നടപടികൾ തുടങ്ങുമെന്ന് ചീഫ് സെക്രട്ടറി അറിയിച്ചു. സംസ്ഥാനത്തെ ആയുധപ്പുരകളിൽനിന്നും പോലീസ്, സൈനിക, അർധസൈനിക ക്യാന്പുകളിൽനിന്നും മറ്റും കൊള്ളയടിച്ചതും അനനധികൃതവുമായ എല്ലാ ആയുധങ്ങളും ഒരാഴ്ചയ്ക്കകം തിരികെ നൽകണമെന്ന് ഗവർണർ അജയ് കുമാർ ഭല്ല കഴിഞ്ഞ വ്യാഴാഴ്ചയാണു പരസ്യ അഭ്യർഥന നടത്തിയത്.പ്രധാന ദേശീയപാതകളിൽ ഗതാഗതം സാധാരണ നിലയിലാക്കുമെന്ന് ചീഫ് സെക്രട്ടറി പറഞ്ഞു. തീവ്രസംഘടനകളുടെ പരിശോധന അവസാനിപ്പിക്കാനും വാഹനഗതാഗതം സുഗമമാക്കുന്നതിനും ദേശീയപാതകളിൽ കൂടുതൽ സേനയെ വിന്യസിക്കും. അക്രമങ്ങളിൽ കുടിയിറക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും സഹായിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണെന്നും പി.കെ. സിംഗ് വ്യക്തമാക്കി.അതേസമയം, ചുരാചന്ദ്പുരിൽ കുക്കി സോ ഗോത്രസംഘടനകളും ഇംഫാൽ താഴ്വാരയിൽ അരംബായി തെങ്കോൾ സംഘടനയും കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി അന്പതോളം ആയുധങ്ങൾ തിരികെ നൽകിയതായി പോലീസ് അറിയിച്ചു.ആസാം റൈഫിൾസും സിആർപിഎഫും പോലീസും സംസ്ഥാന രഹസ്യാന്വേഷണ ഏജൻസികളും സംസ്ഥാന ഭരണകൂടവും പ്രാദേശികസമൂഹ നേതാക്കളുമായി നടത്തിയ ചർച്ചയെത്തുടർന്നാണ് സ്വമേധയാ ആയുധങ്ങളും വെടിക്കോപ്പുകളും തിരികെ നൽകിയതെന്ന് പോലീസ് പിആർഒ പറഞ്ഞു.

എ.കെ. 56 റൈഫിളുകൾ, സ്നൈപ്പർ റൈഫിളുകൾ, ഗ്രനേഡുകൾ, ഐഇഡി അടക്കമുള്ള ബോംബ് സ്ഫോടന സാമഗ്രികൾ, നൂറുകണക്കിന് അത്യാധുനിക തോക്കുകൾ, ലക്ഷക്കണക്കിന് വെടിയുണ്ടകൾ എന്നിവയും ഉഗ്ര സ്ഫോടക വസ്തുക്കളും മണിപ്പൂരിലെ ആയുധപ്പുരകളിൽനിന്നു കലാപകാരികൾ കൊള്ളയടിച്ചിരുന്നു.

# കുടുംബാസൂത്രണം: ലോക്സഭാ സീറ്റുകൾ കുറയാൻ സാധ്യതയുണ്ടെന്ന് എം.കെ. സ്റ്റാലിൻ

ചെന്നൈ: കുടുംബാസൂത്രണം കാര്യക്ഷമമായി നടപ്പാക്കിയതിനാൽ തമിഴ്നാട്ടിലെ ലോക്സഭാ സീറ്റുകളുടെ എണ്ണം കുറയാൻ സാധ്യതയുണ്ടെന്ന് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ.

ലോക്സഭാ പരിധിനിർണയം, കൂടുതൽ കുട്ടികളെ ക്കുറിച്ചു ചിന്തിക്കാൻ ആളുകളെ പ്രേരിപ്പിച്ചേക്കാമെന്നായിരുന്നു സ്റ്റാലിൻറെ വാക്കുകൾ.

ഇന്നലെ കൊളത്തൂർ മണ്ഡലത്തിൽ ഡിഎംകെ പ്രവർത്തകൻറെ വിവാഹത്തിൽ പങ്കെടുത്ത സ്റ്റാലിൻ നവദമ്പതികളോട്, തങ്ങളുടെ കുട്ടികൾക്ക് ശരിയായ തമിഴ് പേരുകൾ നൽകണമെന്നു നിർദേശിച്ചതും രാഷ്ട്രീയശ്രദ്ധ നേടിയിരുന്നു. 39 ലോക്സഭാ സീറ്റുകളാണ് നിലവിൽ തമിഴ്നാട്ടിലുള്ളത്.

പുനർനിർണയം നടപ്പായാൽ തമിഴ്നാട്ടിൽ ലോക്സഭാ സീറ്റുകളുടെ എണ്ണം കുറയുമെന്ന് നേരത്തേ റിപ്പോർട്ടുകളുണ്ടായിരുന്നു.

# എയർ ഇന്ത്യ വിമാനത്തിൽ കേന്ദ്രമന്ത്രിക്കു ലഭിച്ചത് പൊട്ടിപ്പൊളിഞ്ഞ സീറ്റ്

ന്യൂഡൽഹി: താൻ സഞ്ചരിച്ച വിമാനത്തിൽ പൊട്ടിപ്പൊളിഞ്ഞ ഇരിപ്പിടം ലഭിച്ചതിന് എയർ ഇന്ത്യക്കെതിരേ രൂക്ഷ വിമർശനവുമായി കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

യാത്രക്കാരിൽനിന്ന് ടിക്കറ്റിനുള്ള മുഴുവൻ പണവും ഈടാക്കിയശേഷം മോശം ഇരിപ്പിടങ്ങൾ നൽകുന്നത് അധാർമികവും വഞ്ചനാപരവുമായ നടപടിയാണെന്ന് ചൗഹാൻ സമൂഹമാധ്യമമായ എക്സിൽ കുറിച്ചു. ഭോപ്പാൽ മുതൽ ഡൽഹി വരെയുള്ള വിമാനയാത്രയിൽ തനിക്ക് പൊട്ടിയ സീറ്റ് ലഭിച്ചതിന് എയർ ഇന്ത്യയെ കടുത്ത ഭാഷയിൽ കുറ്റപ്പെടുത്തിയുള്ള ചൗഹാൻറെ കുറിപ്പിനു പിന്നാലെ എയർ ഇന്ത്യ ക്ഷമാപണവുമായി രംഗത്തെത്തി.ഭോപ്പാൽ-ഡൽഹി വിമാനത്തിൽ തകർന്ന ഇരിപ്പിടം ലഭിച്ച കാര്യം വിമാനത്തിലെ ജീവനക്കാരോട് സൂചിപ്പിച്ചിരുന്നുവെന്ന് ചൗഹാൻ കുറിപ്പിൽ പറയുന്നു. ഈ ഇരിപ്പിടം മോശമാണെന്നും ഇതിലെ ടിക്കറ്റ് വിൽക്കരുതെന്നും അധികൃതരെ അറിയിച്ചിട്ടുണ്ടായിരുന്നുവെന്നാണ് ജീവനക്കാരിൽനിന്നു ലഭിച്ച മറുപടി.

എന്നാൽ ഇതുപോലെ ഒരുപാട് സീറ്റുകൾ വിമാനത്തിലുണ്ടായിരുന്നു. ടാറ്റ ഏറ്റെടുത്തതിനുശേഷം എയർ ഇന്ത്യയുടെ സേവനം മെച്ചപ്പെടുമെന്നാണ് പ്രതീക്ഷിച്ചതെന്നും എന്നാൽ അതു തെറ്റിദ്ധാരണയായി മാറിയെന്നും ചൗഹാൻ കുറ്റപ്പെടുത്തി.യാത്രക്കാർക്ക് ഇത്തരം ബുദ്ധിമുട്ടുകൾ ആവർത്തിക്കാതിരിക്കാൻ എയർ ഇന്ത്യ അധികൃതർ നടപടിയെടുക്കുമോ, അതല്ലെങ്കിൽ ലക്ഷ്യസ്ഥാനത്ത് പെട്ടെന്ന് എത്താനുള്ള യാത്രക്കാരുടെ ആവശ്യം മുതലെടുക്കുന്നത് തുടരുമോയെന്നും ചൗഹാൻ എയർ ഇന്ത്യയെ ടാഗ് ചെയ്തിട്ടുള്ള കുറിപ്പിൽ ചോദിക്കുന്നു.

ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ വിഷയം ഗൗരവമായി പരിശോധിച്ചുവരികയാണെന്ന് എയർ ഇന്ത്യ അറിയിച്ചു. സംഭവത്തിൽ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ) എയർ ഇന്ത്യയോടു വിശദീകരണം തേടിയിട്ടുണ്ട്.

# യുക്രെയ്നെ തുടച്ചുനീക്കാനാണു പുടിൻറെ നീക്കമെന്ന് ബിഷപ് സ്വിയാതൊവ്സ്ലാവ് ഷെവ്ചുക്

വാഷിംഗ്ടൺ ഡിസി: യുക്രെയ്നെയും അവിടുത്തെ ജനങ്ങളെയും കത്തോലിക്കാസഭയെയും തുടച്ചുനീക്കുക എന്ന ലക്ഷ്യമാണ് റഷ്യൻ പ്രസിഡൻറ് വ്ലാദിമിർ പുടിൻറേതെന്ന് യുക്രേനിയൻ ഗ്രീക്ക് കത്തോലിക്കാസഭയുടെ മേജർ ആർച്ച്ബിഷപ് സ്വിയാതൊവ് സ്ലാവ് ഷെവ്ചുക്.

വാഷിഗ്ടണിലെത്തിയ അദ്ദേഹം ഹഡ്സൺ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച പാനൽ ചർച്ചയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. യുക്രെയ്ൻ പിടിച്ചടക്കുന്നതിൽ റഷ്യ വിജയിച്ചാൽ, ഞങ്ങളുടെ സഭ നിലനിൽക്കില്ല. ഇത് ജീവിതത്തിൻറെയും മരണത്തിൻറെയും പ്രശ്നമാണെന്നും ബിഷപ് പറഞ്ഞു.

റഷ്യ പൗരസ്ത്യ കത്തോലിക്കർക്കു സ്വാധീനമുള്ള പ്രദേശങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കുമ്പോഴെല്ലാം അവരെ റഷ്യൻ ഓർത്തഡോക്സ് സഭയിലേക്ക് നിർബന്ധിച്ചു ചേർക്കുകയോ നാടുകടത്തുകയോ ജീവിതാവസാനം വരെ തടവറകളിൽ അടയ്ക്കുകയോ ചെയ്യുന്നുവെന്നതാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.

ഞങ്ങൾ ന്യായമായ സമാധാനമാണ് തേടുന്നത്, അല്ലാതെ ആക്രമണകാരിയെ കൂടുതൽ ശക്തമായി തിരിച്ചുവരാൻ അനുവദിക്കുന്ന താത്കാലിക വെടിനിർത്തലല്ല. റഷ്യൻ സാമ്രാജ്യം സ്ഥാപിക്കാനാണ് പുടിൻറെ ശ്രമം. യുക്രെയ്നിൽ റഷ്യ വിജയിച്ചാൽ ഉടൻതന്നെ ബാൾട്ടിക് രാജ്യങ്ങളും, പോളണ്ട്, ജോർജിയ, അർമേനിയ എന്നീ രാജ്യങ്ങളുമൊക്കെ റഷ്യയുടെ അധിനിവേശ ഭീഷണിയിലാകും. 2022 ഡിസംബറിൽ റഷ്യൻ അധികാരികൾ യുക്രേനിയൻ ഗ്രീക്ക് കത്തോലിക്കാസഭയെ നിയമവിരുദ്ധമായി പ്രഖ്യാപിച്ചതു ചൂണ്ടിക്കാട്ടിയ ബിഷപ് സ്വിയാതൊവ്, 18 മാസത്തെ റഷ്യൻ അടിമത്തത്തിൽ ക്രൂരമായ പീഡനങ്ങൾ അനുഭവിച്ച രണ്ട് യുക്രേനിയൻ വൈദികരുടെ കദനകഥയും വിവരിച്ചു. അവരുടെ മോചനത്തിനായി പരിശുദ്ധ സിംഹാസനം നടത്തിയ ശ്രമത്തിനും മധ്യസ്ഥതയ്ക്കും പ്രത്യേകം നന്ദി പറയുന്നതായും ബിഷപ് പറഞ്ഞു.

യുക്രെയ്നെ റഷ്യ കീഴടക്കിയാൽ വലിയ അപകടമാണ് ഉണ്ടാകാൻ പോകുന്നതെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. യുഎസ് പ്രസിഡൻറ് ട്രംപിൻറെ പ്രസ്താവനകൾ റഷ്യൻ പ്രചാരണം പ്രതിഫലിപ്പിക്കുന്നവയാണ്.

യുക്രെയ്നിൻറെയും അവിടുത്തെ സഭയുടെയും ഭാവി ശാശ്വത സമാധാനത്തെ ആശ്രയിച്ചിരിക്കുന്നു. യുക്രെയ്ൻ മതസ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്നുവെന്ന റഷ്യൻ പ്രചാരണം അടിസ്ഥാനരഹിതമാണ്. യുക്രെയ്ൻ സർക്കാർ മതസ്വാതന്ത്ര്യം ഉറപ്പുനൽകുന്നു.

എല്ലാ വിശ്വാസങ്ങളെയും സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കുന്നു. റഷ്യൻ അധിനിവേശ പ്രദേശങ്ങളിൽ റഷ്യൻ ഓർത്തഡോക്സ് സഭയുമായി യോജിക്കാത്ത മതവിഭാഗങ്ങൾ പീഡിപ്പിക്കപ്പെടുന്നുണ്ടെന്നും മേജർ ആർച്ച്ബിഷപ് സ്വിയാതൊവ് സ്ലാവ് ഷെവ്ചുക് ആരോപിച്ചു.

യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാനുള്ള ശ്രമത്തിൽ ട്രംപ് ഭരണകൂടം റഷ്യയിലേക്ക് നയതന്ത്ര ചാനലുകൾ തുറക്കാൻ ശ്രമിക്കുന്നതിനിടെയാണ് അവിടത്തെ പ്രബല വിഭാഗമായ ഗ്രീക്ക് കത്തോലിക്കാസഭ മേജർ ആർച്ച്ബിഷപ്പിൻറെ അമേരിക്കൻ സന്ദർശനം.

# ബംഗളൂരുവിൽ മർദനമേറ്റ് നൈജീരിയൻ സ്വദേശി മരിച്ചു

ബംഗളൂരു: മയക്കുമരുന്ന് കടത്തുകാരനെന്നു സംശയിച്ച് ചിക്കൻ സ്റ്റാൾ ഉടമയുടെ മർദനത്തിനിരയായ നൈജീരിയൻ വംശജൻ മരിച്ചു. അദിയാക്കോ മസാലിയോ (40) എന്നയാളാണു മരിച്ചത്.

സംഭവത്തിൽ ചിക്കൻ സ്റ്റാൾ ഉടമ യാസീൻ ഖാനെ പോലീസ് അറസ്റ്റ് ചെയ്തു. ബംഗളൂരുവിനടുത്ത് ബാഗലൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ ബെല്ലഹള്ളിയിൽ കഴിഞ്ഞദിവസം വൈകുന്നേരമായിരുന്നു സംഭവം. ചിക്കൻ സ്റ്റാളിൽ സുഹൃത്തുക്കളോടൊപ്പം എത്തിയ അദിയാക്കോയുടെ പെരുമാറ്റത്തിൽ അസ്വാഭാവികത തോന്നിയ കടയുടമ ചോദ്യം ചെയ്യുകയും മർദിക്കുകയുമായിരുന്നു.

ഇയാൾ മയക്കുമരുന്ന് ലഭിക്കുന്നതിനായി ലൊക്കേഷൻ ഷെയർ ചെയ്യുകയാണെന്ന് സംശയിച്ച് കടയുടമ ചോദ്യം ചെയ്യൽ തുടർന്നു. പ്രകോപിതനായ അദിയാക്കോ തൊട്ടടുത്ത കടയിൽനിന്ന് കത്തിയെടുത്ത് കടയുടമയെ കുത്തി.

തുടർന്ന് കടയുടമ മരക്കഷണം ഉപയോഗിച്ച് അദിയാക്കോയുടെ തലയ്ക്കടിക്കുകയായിരുന്നു. അടിയേറ്റ ഇയാൾ ഓടി രക്ഷപ്പെടുന്നതിനിടെ വീണു മരിക്കുകയായിരുന്നു. തലയ്ക്ക് ഗുരുതര പരിക്കേറ്റാണ് യുവാവ് മരിച്ചത്.

# അധ്യാപക പാനലിലേക്ക് അപേക്ഷിക്കാം

പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവയിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ. എക്സാമിനേഷൻ ട്രെയിനിങ് സെൻ്ററിൽ നീറ്റ്/ കീം മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികളെ പരിശീലിപ്പിക്കുന്നതിനായി രൂപീകരിക്കുന്ന അധ്യാപകരുടെ പാനലിലേക്ക് അപേക്ഷിക്കാം. നീറ്റ്/ കീം മത്സര പരീക്ഷ പരിശീലന കേന്ദ്രങ്ങളിൽ അധ്യാപന പരിചയവും ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവുമാണ് യോഗ്യത. പ്രായ പരിധി 50 വയസ്. മണിക്കൂറിൽ 500 രൂപയാണ് വേതനം. താൽപ്പര്യമുള്ളവർ ബയോഡേറ്റ, സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം മാർച്ച് 10ന് വൈകിട്ട് 4ന് മുമ്പായി പ്രിൻസിപ്പൽ, ഗവ. പ്രീ. എക്സാമിനേഷൻ ട്രെയിനിങ് സെൻ്റർ, സബ് ജയിൽ റോഡ്, ബൈ ലെയ്ൻ, ആലുവ- 683101 എന്ന വിലാസത്തിൽ അപേക്ഷിക്കണം. വിശദ വിവരങ്ങൾക്ക്: 0484 2623304.

# യുക്രെയ്നു വ്യക്തമായ സുരക്ഷാ ഉറപ്പുകൾ വേണം: സെലൻസ്കി

കീവ്: യുദ്ധം അവസാനിപ്പിക്കുന്നതിനു മുന്പ് യുക്രെയ്നു വ്യക്തമായ സുരക്ഷാ ഉറപ്പുകൾ ലഭിക്കണമെന്നു പ്രസിഡൻറ് സെലൻസ്കി. കഴിഞ്ഞദിവസം കീവിലെത്തിയ അമേരിക്കൻ പ്രതിനിധി കീത്ത് കെല്ലോഗുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഇക്കാര്യം ആവശ്യപ്പെട്ടതായി സെലൻസ്കി അറിയിച്ചു.

അമേരിക്കയുമായി ശക്തമായ കരാറാണ് യുക്രെയ്ൻ ആഗ്രഹിക്കുന്നത്. സുരക്ഷ, സാന്പത്തിക താത്പര്യങ്ങൾ കരാറിൽ വ്യക്തമായി പ്രതിപാദിച്ചിരിക്കണം. യുദ്ധം പുനരാരംഭിക്കാതിരിക്കാനും റഷ്യ അതിക്രമങ്ങൾക്കു മുതിരാതിരിക്കാനും വ്യക്തമായ ഉറപ്പുകൾ യുക്രെയ്നു ലഭിക്കണം. യുക്രെയ്നും അമേരിക്കയും യൂറോപ്പും സമാധാനമാണ് കാംക്ഷിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇതിനിടെ, സെലൻസ്കിയുടെ അധിക്ഷേപങ്ങൾ പ്രസിഡൻറ് ട്രംപിനെ നിരാശപ്പെടുത്തിയെന്നു യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മൈക്ക് വാൾട്സ് പറഞ്ഞു.

സെലൻസ്കി ചർച്ചയിലേക്കു മടങ്ങിവരണമെന്നും യുക്രെയ്നിലെ പ്രകൃതിവിഭവങ്ങളിൽ അമേരിക്കയ്ക്ക് അവകാശം നല്കുന്ന കരാറിൽ ഒപ്പുവയ്ക്കണമെന്നും വാൾട്സ് ആവശ്യപ്പെട്ടു.

സെലൻസ്കിയുടെ അധിക്ഷേപണങ്ങളിൽ വൈറ്റ് ഹൗസിനും അസ്വസ്ഥതയുണ്ട്. സുരക്ഷാ ഉറപ്പ് സംബന്ധിച്ച് അസുലഭ അവസരമാണ് അമേരിക്ക യുക്രെയ്നു നല്കിയിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

യുക്രെയ്ൻ വിഷയത്തിൽ യൂറോപ്യൻ നേതൃത്വത്തിൻറെ അഭിപ്രായങ്ങൾ അറിയിക്കാനായി ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മക്രോണും ബ്രിട്ടീഷ് പ്രധാനമന്ത്രി കീയർ സ്റ്റാർമറും വരും ദിവസങ്ങളിൽ അമേരിക്കയിലെത്തുന്നുണ്ട്. തിങ്കളാഴ്ചയാണ് മക്രോണിൻറെ സന്ദർശനം. സ്റ്റാർമർ വ്യാഴാഴ്ചയെത്തും.

# കൈറ്റിന്റെ ഓൺലൈൻ എ.ഐ കോഴ്സ്

എ ഐ ടൂളുകൾ ഫലപ്രദമായി ഉപയോഗിക്കാൻ സാധാരണക്കാരെ പര്യാപ്തമാക്കുന്ന ഓൺലൈൻ പരിശീലന പദ്ധതിക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തുടക്കം കുറിക്കുന്നു. നാലാഴ്ച ദൈർഘ്യമുള്ള 'എ.ഐ എസൻഷ്യൽസ്' എന്ന ഓൺലൈൻ കോഴ്സിൽ ഓരോ ഇരുപതു പേർക്കും പ്രത്യേക മെന്റർമാർ ഉണ്ടായിരിക്കും. കോഴ്സിന്റെ ഭാഗമായി വീഡിയോ ക്ലാസുകൾക്കും റിസോഴ്സുകൾക്കും പുറമെ എല്ലാ ആഴ്ചയിലും ഓൺലൈൻ കോൺടാക്ട് ക്ലാസും ഉണ്ടായിരിക്കും.

ഓഫീസ് ആവശ്യങ്ങൾ ഉൾപ്പെടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് എ.ഐ ടൂളുകൾ എങ്ങനെ പ്രയോജനപ്പെടുത്താം, സോഷ്യൽ മീഡിയയിലെ ഉള്ളടക്കം തയ്യാറാക്കൽ, കല- സംഗീത- സാഹിത്യ മേഖലകളിൽ പ്രയോജനപ്പെടുത്താവുന്ന ടൂളുകൾ, പ്രോംപ്റ്റ് എൻജിനിയറിങ്, റെസ്പോൺസിബിൾ എ.ഐ എന്നിങ്ങനെയുള്ള മേഖലകളിൽ വിദ്യാർഥികൾ ഉൾപ്പെടെ എല്ലാവർക്കും കോഴ്സ് പ്രയോജനപ്പെടും. നേരത്തെ 80,000 സ്കൂൾ അധ്യാപകർക്കായി കൈറ്റ് നടത്തിയ എ.ഐ പരിശീലന മെഡ്യൂൾ പുതിയ ടൂളുകൾ ഉപയോഗിച്ച് മെച്ചപ്പെടുത്തിയതാണ് പുതിയ കോഴ്സ്. അരലക്ഷത്തിലധികം അധ്യാപകർക്ക് ഓൺലൈൻ പരിശീലനം നൽകിയി കൂൾ പ്ലാറ്റ്ഫോമിലാണ് പരിശീലനം. 20 പഠിതാക്കൾക്ക് ഒരു മെന്റർ എന്ന തരത്തിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

www.kite.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ആദ്യം രജിസ്റ്റർ ചെയ്യുന്ന 2,500 പേരെയാണ് ഒന്നാം ബാച്ചിൽ ഉൾപ്പെടുത്തുക. മാർച്ച് 5 വരെ രജിസ്റ്റർ ചെയ്യാം. ജി.എസ്ടി ഉൾപ്പെടെ 2,360 രൂപ ഫീസ് രജിസ്ട്രേഷൻ സമയത്ത് ഓൺലൈനായി അടക്കണം. ക്ലാസുകൾ മാർച്ച് 10ന് ആരംഭിക്കും. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും.

# ആറളത്ത് വീണ്ടും കാട്ടാന ആക്രമണം: ദമ്പതികൾ കൊല്ലപ്പെട്ടു

ആറളം: ആറളം ഫാമിൽ വീണ്ടും കാട്ടാന ആക്രമണം. ആക്രമണത്തിൽ രണ്ട് പേർ കൊല്ലപ്പെട്ടു. ഇന്നലെ വൈകുന്നേരം നാലോടെ പതിമൂന്നാം ബ്ലോക്ക് കരിക്കിൻ മുക്കിലാണ് സംഭവം. ആറളം വില്ലേജ് അമ്പലക്കേണ്ടി കോളനിയിലെ താമസക്കാരായ വെള്ളി, ലീല ദമ്പതികളാണ് മരിച്ചത്.കശുവണ്ടി ശേഖരിക്കുന്നതിനിടയിലാണ് ആക്രമണമുണ്ടായത്.

ആറളം ഫാമിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം ഇതോടെ 15 ആയി. ആറളത്തെ ആർആർടി ഓഫീസിന് സമീപമാണ് ആക്രമണമുണ്ടായത്. സംഭവത്തെ തുടർന്ന് വലിയ രീതിയിൽ ഉള്ള പ്രതിഷേധമുണ്ടായി. ആനമതിൽ നിർമാണം ഉടൻ പൂർത്തികരിക്കണമെന്നാണ് പ്രതിഷേധക്കാർ പ്രധാനമായും ആവശ്യപ്പെടുന്നത്. ഇതേ ആവശ്യം ഉന്നയിച്ചു കൊണ്ട് സിപിഐയുടെയും കിസാൻസഭയുടെയും നേതൃത്വത്തിൽ തുടർ സമരങ്ങൾ നടക്കുന്നതിനിടെയാണ് ഇന്നലെ വീണ്ടും കാട്ടാന ആക്രമണമുണ്ടായത്. സംഭവത്തിന് പിന്നാലെ പ്രദേശത്തെ കാട് വെട്ടിത്തെളിയ്ക്കുന്നത് ത്വരിതഗതിയിലാക്കാൻ വനം മന്ത്രി എ കെ ശശീന്ദ്രൻ ടിആർഡിഎം അധികാരികൾക്ക് നിർദേശം നൽകി. ഇന്ന് വൈകുന്നേരം മൂന്നുമണിക്ക് നടക്കുന്ന സർവകക്ഷി യോഗത്തിൽ മന്ത്രി പങ്കെടുക്കും. മരണപ്പെട്ടവരുടെ കുടുംബത്തിന് ഇന്ന് അഞ്ച് ലക്ഷം രൂപ വീതം ആദ്യ ഗഡു നഷ്ടപരിഹാരം നൽകും. ബാക്കി പത്ത് ലക്ഷം നടപടികൾ പൂർത്തിയാക്കി ഉടൻ നല്കുമെന്നും മന്ത്രി അറിയിച്ചു.

# യൂറോപ്പ് അമേരിക്കയിൽനിന്നു സ്വാതന്ത്ര്യം നേടണമെന്ന് ഫ്രെഡറിക് മെർസ്

ബർലിൻ: അമേരിക്കയിൽനിന്നു സ്വാതന്ത്ര്യം നേടുന്നതിനെക്കുറിച്ച് യൂറോപ്പ് ചിന്തിക്കണമെന്ന്ജർമനിയുടെ അടുത്ത ചാൻസലറാകുമെന്ന് കരുതുന്ന ഫ്രെഡറിക് മെർസിൻറെ മുന്നറിയിപ്പ്.യൂറോപ്പ് തങ്ങളുടെ സുരക്ഷയ്ക്കായി സ്വയം വഴികൾ തേടണമെന്നും ഒരു ടെലിവിഷൻ അഭിമുഖത്തിൽ അദ്ദേഹം വ്യക്തമാക്കി.

ജർമൻ തെരഞ്ഞെടുപ്പിൽ അമേരിക്കയുടെ ഇടപെടലിനെ വിമർശിച്ച മെർസ്, തെരഞ്ഞെടുപ്പിൽ വാഷിംഗ്ടണിൽനിന്നുള്ള ഇടപെടലുകൾ തങ്ങൾ മോസ്കോയിൽനിന്നു കണ്ട ഇടപെടലുകളേക്കാൾ നാടകീയവും കഠിനവും ആത്യന്തികമായി അതിരുകടന്നതുമായിരുന്നുവെന്ന് ചൂണ്ടിക്കാട്ടി.

ജർമനി രണ്ടു വശത്തുനിന്നും വലിയ സമ്മർദത്തിലാണെന്നും യൂറോപ്പിൽ ഐക്യം ഉറപ്പുവരുത്തുകയെന്നതാണു തൻറെ മുൻഗണനയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കരാർ നിയമനം

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കരാടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ (കമ്മ്യൂണിറ്റി ഓങ്കോളജി) തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. മാർച്ച് 12ന് വൈകിട്ട് 3 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ: www.rcctvm.gov.in

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# 159 നേപ്പാൾ വിദ്യാർത്ഥികൾ മടങ്ങി

ഭുവനേശ്വർ: ഒഡിഷയിലെ കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡസ്ട്രിയൽ ടെക്നോളജിയിൽ (കെഐഐടി) നേപ്പാൾ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവത്തിൽ അധികൃതർ മനുഷ്യത്വരഹിതമായി പെരുമാറിയെന്ന് ആരോപിച്ച് 159 വിദ്യാർത്ഥികൾ സ്വന്തം രാജ്യത്തേക്ക് മടങ്ങി.

റക്സോൾ അതിർത്തി വഴിയാണ് ഇവർ വീട്ടിലെത്തിയെന്ന് പർസ ജില്ല അസിസ്റ്റന്റ് ചീഫ് ഓഫിസർ സുമൻ കുമാർ കാർക്കി പറഞ്ഞു. കെഐഐടി മൂന്നാം വർഷ ബിടെക് വിദ്യാർത്ഥിനി പ്രകൃതി ലാംസാലിനെ (20) ഈ മാസം 16നാണ് ഹോസ്റ്റൽ മുറിയിൽ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയത്. ഇവിടെ 1,000 നേപ്പാൾ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

പ്രകൃതിയുടെ മരണത്തിന് ശേഷം തങ്ങൾ പീഡിപ്പിക്കപ്പെടുകയും മനുഷ്യത്വരഹിതമായി വിവേചനം നേരിടുകയും ചെയ്തെന്ന് വിദ്യാർത്ഥികൾ പറഞ്ഞു. അധ്യാപകരുടെയും ജീവനക്കാരുടെയും കൺമുന്നിൽവച്ച് സെക്യൂരിറ്റി ജീവനക്കാർ മർദിക്കുകയും ഉടൻ ഹോസ്റ്റൽ ഒഴിയണമെന്ന് ആവശ്യപ്പെട്ടെന്നും ഇവർ മാധ്യമങ്ങളോട് പറഞ്ഞു. പിന്നീട് സർവകലാശാല അഡ്മിനിസ്ട്രേഷൻ ഉറപ്പ് നൽകിയെങ്കിലും കോളജിലേക്ക് മടങ്ങുന്നത് സുരക്ഷിതമല്ലെന്നും വ്യക്തമാക്കി. പഠനത്തിനുള്ള സുരക്ഷിതവും അനുകൂലവുമായ അന്തരീക്ഷം ഉണ്ടായിരുന്നില്ല. പ്രകൃതിയുടെ മരണത്തെ കുറിച്ച് ശരിയായി അന്വേഷണം നടത്തണം, അവരുടെ കുടുംബത്തിന് നീതി ലഭിക്കണമെന്നും വിദ്യാർത്ഥികൾ ആവശ്യപ്പെട്ടു.

എന്നാൽ പ്രശ്നം നയതന്ത്ര മാർഗത്തിലൂടെ സർക്കാർ പരിഹരിച്ചതായി വിദേശകാര്യ മന്ത്രി അർസു റാണ ദ്യൂബ പ്രതികരിച്ചു. പ്രകൃതിക്ക് നീതി ലഭിക്കണമെന്ന് ആവശ്യപ്പെട്ട് വിദ്യാർത്ഥികൾ പർസ ജില്ലയിലെ ബിർഗഞ്ചിൽ മെഴുകുതിരി കത്തിച്ച് മാർച്ച് നടത്തി.

# കേരളം പൂർണമായും മാലിന്യമുക്തമാകും: മുഖ്യമന്ത്രി

കാഞ്ഞങ്ങാട്: കേരളത്തിലെ ജനങ്ങളുടെ മനോഭാവ മാറ്റത്തിലൂന്നിയുള്ള രണ്ടാംഘട്ട മാലിന്യമുക്ത യജ്ഞത്തിൽ കേരളം പൂർണമായും മാലിന്യമുക്തമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കാസർകോട് ജില്ലാപഞ്ചായത്ത് മടിക്കൈ പഞ്ചായത്തിലെ എരിക്കുളത്ത് നിർമ്മിച്ച കെ എം സ്മാരക ജനകീയാസൂത്രണ രജത ജൂബിലി മന്ദിരം നാടിന് സമർപ്പിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

സംസ്ഥാന സർക്കാർ അധികാരത്തിൽ എത്തിയ സമയം കേരളത്തിലെ ചുറ്റുപാടുകൾ മാലിന്യം വലിച്ചെറിഞ്ഞ് മാലിന്യ കൂമ്പാരങ്ങൾ നിറഞ്ഞതായിരുന്നു. എന്നാൽ മാലിന്യമുക്ത പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിയപ്പോൾ ഒരു പരിധിവരെ ഈ പ്രശ്നത്തിൽ കുറവുണ്ടായി. എന്നാൽ പൂർണതയിൽ എത്തിക്കുന്നതിനായി ഒരു ജനകീയ യജ്ഞം സംസ്ഥാനത്ത് നടന്നുവരികയാണെന്നും അതിന്റെ ഭാഗമായി കേരളം പൂർണമാലിന്യമുക്ത സംസ്ഥാനമായി തീരുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ശുചീകരിച്ച ഇടങ്ങളിൽ വീണ്ടും മാലിന്യം വലിച്ചെറിയരുതെന്നും കണ്ണിന് കുളിർമയേകുന്ന കാഴ്ചകൾ കാണാനെത്തുന്ന വിനോദ സഞ്ചാരികളെ നമ്മുടെ നാട്ടിലേക്ക് പിന്നെയും ആകർഷിക്കുന്ന തരത്തിൽ പൊതുഇടങ്ങളും ചുറ്റുപാടുകളും ശുചിയായി പരിപാലിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. നാട്ടിൻപുറങ്ങളിൽ രോഗബാധിതരായി ഒറ്റയ്ക്ക് താമസിക്കുന്നവരെ കണ്ടെത്തി പാലിയേറ്റീവ് കെയർ നൽകുന്നതിന് പാലിയേറ്റീവ് ഗ്രിഡ് നടപ്പിലാക്കുമെന്നും കേരളത്തിൽ ഒരിടത്തും ഒരാൾക്കും പരിചരണം കിട്ടാതെ പോകില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ടെലി മെഡിസിൻ പദ്ധതി ഇതോടൊപ്പം നടപ്പിലാക്കും.

നവംബർ ഒന്നിന് കേരളം അതി ദരിദ്രരില്ലാത്ത സംസ്ഥാനമാകും. സംസ്ഥാനതലത്തിൽ നടത്തിയ അന്വേഷണത്തിൽ 64006 കുടുംബങ്ങളെയാണ് അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെടുത്തിയതെന്നും ഈ വർഷം നവംബർ ഒന്നിന് കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമെന്ന നേട്ടം സ്വന്തമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. എം രാജഗോപാലൻ എംഎൽഎ അധ്യക്ഷത വഹിച്ചു.

പ്രവാസി വ്യവസായി മണികണ്ഠൻ മേലത്ത് മടിക്കൈ പാലിയേറ്റീവ് സൊസൈറ്റിക്ക് നൽകുന്ന ഹോം കെയർ വാഹനത്തിന്റെ താക്കോൽ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുകയും മുഖ്യമന്ത്രി പാലിയേറ്റീവ് കെയർ നേതൃത്വത്തിന് നൽകുകയും ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി ബേബി ബാലകൃഷ്ണൻ സ്വാഗതവും ജില്ലാപഞ്ചായത്ത് സെക്രട്ടറി ശ്യാമലക്ഷ്മി നന്ദിയും പറഞ്ഞു.

# ഭാഷാപ്പോര്: റെയിൽവേ സ്റ്റേഷനിലെ ഹിന്ദി എഴുത്ത് മായ്ച്ചു

ചെന്നൈ: തമിഴ്നാട്ടിൽ ഭാഷാപ്പോര് മുറുകുന്നു. പൊള്ളാച്ചി റെയിൽവേ സ്റ്റേഷനിലെ ഹിന്ദി സൈൻ ബോർഡുകൾ വികൃതമാക്കി തമിഴ് അനുകൂലസംഘടനകൾ.

ഇന്നലെ രാവിലെയോടെ തമിഴ് അനുകൂല മുദ്രാവാക്യമുയർത്തി റെയിൽവേ സ്റ്റേഷനിൽ എത്തിയവർ ഹിന്ദി സൈൻബോർഡുകളിൽ കറുത്ത പെയിന്റ് അടിക്കുകയായിരുന്നു. ഹിന്ദി ഭാഷ അടിച്ചേൽപ്പിക്കുന്നതിന്റെ പേരിൽ സംസ്ഥാന സർക്കാരും കേന്ദ്രവും തമ്മിലുള്ള യുദ്ധം രൂക്ഷമായിരിക്കെയാണ് പുതിയ സംഭവവികാസങ്ങൾ. പ്രതിഷേധക്കാർക്കെതിരെ റെയിൽവേ ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തതായി അധികൃതർ പറഞ്ഞു. അതേസമയം വികൃതമാക്കിയ ഹിന്ദി സൈൻ ബോർഡുകൾ പുനഃസ്ഥാപിച്ചിട്ടുണ്ട്. കഴിഞ്ഞ കുറേ ദിവസങ്ങളായി കേന്ദ്രത്തിന്റെ പുതിയ വിദ്യാഭ്യാസ നയം, ഹിന്ദി അടിച്ചേൽപ്പിക്കൽ എന്നിവയ്ക്കെതിരെ തമിഴ്നാട്ടിൽ പ്രതിഷേധം ശക്തമായിരിക്കുകയാണ്. ത്രിഭാഷാ നയം അംഗീകരിച്ചാൽ മാത്രമേ തമിഴ്നാടിന് ഫണ്ട് നൽകൂവെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ പരസ്യമായി പ്രഖ്യാപിച്ചതാണ് വിഷയം കൂടുതൽ ഗുരുതരമാക്കിയത്. വിഷയത്തിൽ മുഖ്യമന്ത്രി എം കെ സ്റ്റാലിൻ പ്രധാനമന്ത്രി നരേന്ദ്ര മോഡിക്ക് കത്തയിച്ചിരുന്നു. നേരത്തെ ഹിന്ദി അടിച്ചേൽപ്പിക്കാൻ ശ്രമിച്ചാൽ സംസ്ഥാനത്ത് ഭാഷായുദ്ധമുണ്ടാകുമെന്ന് ഉപമുഖ്യമന്ത്രി ഉദയനിധി സ്റ്റാലിൻ കേന്ദ്രത്തിന് മുന്നറിയിപ്പ് നൽകിയിരുന്നു.

# എഎപി ഖജനാവ് കാലിയാക്കിയെന്ന് രേഖ ഗുപ്ത

ന്യൂഡൽഹി: എഎപി സർക്കാർ ഖജനാവ് കാലിയാക്കിയാണ് ഭരണം അവസാനിപ്പിച്ചതെന്ന് ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത. സർക്കാരിന്റെ പക്കൽ ഒഴിഞ്ഞ ഖജനാവ് മാത്രമാണ് ഉള്ളതെന്നും അവർ പ്രതികരിച്ചു. പുതിയ സഭയുടെ ആദ്യ സമ്മേളനം ഇന്ന് നടക്കാനിരിക്കെയാണ് സർക്കാർ പാപ്പരാണെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചത്. എന്നാൽ സ്ത്രീകൾക്ക് പ്രതിമാസം 2,500 രൂപ നൽകുമെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം പാലിക്കും. എന്നാൽ ഇതിനായി വിശദമായ മാർഗരേഖ തയ്യാറക്കേണ്ടതുണ്ടെന്നും അവർ പറഞ്ഞു. അതേസമയം ബിജെപി ഭരണം കിട്ടിയതോടെ ഡൽഹിയിലെ സ്ത്രീകളെ വഞ്ചിച്ചതായി മുൻമുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായ അതിഷി ആരോപിച്ചു.

മഹിള സമൃദ്ധി യോജന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് നിരവധി യോഗങ്ങളാണ് വിളിച്ച് ചേർത്തതെന്ന് രേഖ ഗുപ്ത പറയുന്നു. പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ തുക കണ്ടെത്തുന്നത് സംബന്ധിച്ച് ഖജനാവ് പരിശോധിച്ചപ്പോഴാണ് കാലിയായി കിടക്കുന്ന വിവരം ഉദ്യോഗസ്ഥർ അറിയിച്ചത്. സർക്കാരിന്റെ സാമ്പത്തിക നില ഭദ്രമല്ല. ഇക്കാര്യം വിശദമായി പരിശോധിക്കും. എന്നാൽ തെരഞ്ഞെടുപ്പ് വാഗ്ദാനം പാലിക്കാൻ എല്ലാ വിധ പ്രവർത്തനങ്ങളും നടത്തുമെന്നും അവർ പറഞ്ഞു.വിജയത്തിന് പിന്നാലെ ബിജെപി തെരഞ്ഞെടുപ്പ് വാഗ്ദാനം ലംഘിച്ചതായി പ്രതിപക്ഷ നേതാവ് അതിഷി ചൂണ്ടിക്കാട്ടി. മഹിള സമൃദ്ധി പദ്ധതി വഴി 25,00 രൂപ അനുവദിക്കാതെ ഇരിക്കാനാണ് എഎപി ഖജനാവ് കാലിയാക്കി എന്ന് പ്രചരിപ്പിക്കുന്നത്. അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിച്ച് ശ്രദ്ധതിരിക്കാനാണ് മുഖ്യമന്ത്രി ശ്രമിക്കുന്നതെന്നും അവർ പ്രതികരിച്ചു.

# കുടിയൊഴിപ്പിക്കൽ നാലാം ഘട്ടം 12 പേർ ഇന്ത്യയിലെത്തി

## പനാമയിൽ നിന്നും ഡൽഹി വിമാനത്താവളത്തിലിറങ്ങി

ന്യൂഡൽഹി: അമേരിക്കയിൽ നിന്ന് തിരിച്ചയച്ച ഇന്ത്യക്കാരായ 12 അനധികൃത കുടിയേറ്റക്കാർ നാലാം ഘട്ടത്തിൽ ഇന്ത്യയിലെത്തി. ഇവരിൽ പഞ്ചാബുകാരായ നാലുപേരും ഹരിയാനക്കാരായ മൂന്നുപേരും ഉൾപ്പെടുന്നു. പനാമയിൽ നിന്ന് തുർക്കി എയർലൈൻസ് വിമാനത്തിൽ ഇസ്താംബുൾ വഴിയാണ് ന്യൂഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിലിറങ്ങിയത്. കുടിയിറക്കപ്പെട്ടവരെ നാട്ടിലെത്തിക്കുന്നതിന് പനാമയും കോസ്റ്ററിക്കയും യുഎസുമായി സഹകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി, ഏഷ്യൻ രാജ്യങ്ങളിലുള്ള നാട്ടിലേക്ക് മടങ്ങാൻ ആഗ്രഹമില്ലാത്തവരെയും സർക്കാരുകൾ സ്വീകരിക്കാൻ തയ്യാറാകാത്തവരെയും പനാമ, കോസ്റ്റോറിക്ക എന്നീ മധ്യ അമേരിക്കൻ രാജ്യങ്ങളിലേക്ക് യുഎസ് മാറ്റുകയാണ്. യുഎസിൽ നിന്ന് നാടുകടത്തിയ 300-ലധികം കുടിയേറ്റക്കാരെ പനാമ ഹോട്ടലിൽ താമസിപ്പിച്ചിരിക്കുകയാണ്. അവിടെ നിന്നാണ് അവരെ അവരവരുടെ നാടുകളിലേക്ക് കയറ്റിവിടുന്നത്. ഇവരിൽ 40 ശതമാനം പേർ സ്വദേശത്തേക്ക് പോകാൻ വിസമ്മതിച്ചു. യുഎൻ ഏജൻസികൾ ഇവർക്കായി ബദൽ മാർഗങ്ങൾ തേടുകയാണ്. തടവുകാരുടെ താമസവും മറ്റ് ചെലവുകളും അമേരിക്കയാണ് വഹിക്കുന്നതെങ്കിലും പനാമയിലെ തടവ് കുടിയേറ്റക്കാരിൽ ആശങ്ക ഉയർത്തിയിട്ടുണ്ട്.

# പെന്റഗണിലും ചെലവുചുരുക്കൽ; ബജറ്റ് വിഹിതം കുറയ്ക്കും

വാഷിങ്ടൺ: അടുത്ത അഞ്ച് വർഷത്തേക്ക് പ്രതിരോധ ബജറ്റ് പ്രതിവർഷം എട്ട് ശതമാനം കുറയ്ക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കാൻ പെന്റഗണിന് യുഎസ് പ്രതിരോധ സെക്രട്ടറിയുടെ നിർദേശം. സൈന്യത്തിൽ നിന്നും കോൺഗ്രസിലും കാര്യമായ എതിർപ്പ് നേരിടേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്ന ഈ നിർദേശത്തിൽ ഗണ്യമായ ബജറ്റ് വെട്ടിക്കുറവുകളും ഉൾപ്പെടും. 50 ബില്യൺ ഡോളറിന്റെ ചെലവുചുരുക്കലാണ് പ്രതീക്ഷിക്കുന്നത്.

മൂന്ന് ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്നാണ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്തിന്റെ നിർദേശം. യുഎസ്-മെക്സിക്കോ അതിർത്തിയിലെ പ്രവർത്തനങ്ങൾ, ആണവായുധങ്ങളുടെയും മിസൈൽ പ്രതിരോധത്തിന്റെയും നവീകരണം, വൺ-വേ അറ്റാക്ക് ഡ്രോണുകളും മറ്റ് യുദ്ധോപകരണങ്ങളും വാങ്ങൽ എന്നിവയുൾപ്പെടെ 17 വിഭാഗങ്ങളെ മെമ്മോയിൽ പരാമർശിക്കുന്നുണ്ട്. പെന്റഗണിന്റെ 2025 ലെ ബജറ്റ് ഏകദേശം 850 ബില്യൺ യുഎസ് ഡോളറാണ്. ചൈനയിൽ നിന്നും റഷ്യയിൽ നിന്നുമുള്ള വർധിച്ചുവരുന്ന ഭീഷണികളെ നേരിടാൻ ഈ ചെലവ് നിർണായകമാണെന്ന് കോൺഗ്രസിൽ വ്യാപകമായ ധാരണയുണ്ട്.

അതേസമയം, ഇന്തോ-പസഫിക് കമാൻഡ്, നോർത്തേൺ കമാൻഡ്, സ്പേസ് കമാൻഡ് എന്നിവയുൾപ്പെടെ നിരവധി പ്രധാന പ്രാദേശിക ആസ്ഥാനങ്ങൾക്ക് ധനസഹായം തുടരണമെന്ന് മെമ്മോയിൽ പറയുന്നു. ഉക്രെയ്നിലെ യുദ്ധസമയത്ത് യുഎസ് തന്ത്രം നടപ്പിലാക്കുന്നതിൽ പ്രധാന പങ്കുവഹിച്ച യൂറോപ്യൻ കമാൻഡ്, പശ്ചിമേഷ്യയിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന സെൻട്രൽ കമാൻഡ്, ആഫ്രിക്ക കമാൻഡ് എന്നിവയ്ക്കുള്ള ധനസഹായം ഒഴിവാക്കാനും നിർദേശമുണ്ട്. നടപ്പിലാക്കിയാൽ, 2013ന് ശേഷമുള്ള പെന്റഗണിന്റെ ചെലവ് കുറയ്ക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ശ്രമമായിരിക്കുമിത്.

കഴിഞ്ഞയാഴ്ച ഇലോൺ മസ്കിന്റെ കാര്യക്ഷമതാ വകുപ്പ് പെന്റഗണിൽ സന്ദർശനം നടത്തിയിരുന്നു. അതിർത്തി സുരക്ഷ വർധിപ്പിക്കുന്നതിനും ഇസ്രയേലിന്റെ അയൺ ഡോം മിസൈൽ പ്രതിരോധ സംവിധാനത്തിന്റെ യുഎസ് പതിപ്പ് വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള ധനസമാഹരണമാണ് ചെലവുചുരുക്കലിലൂടെ ലക്ഷ്യമിടുന്നതെന്നും വിലയിരുത്തലുകളുണ്ട്. സൈനിക ശേഷിയെ പ്രഖ്യാപനം എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ച് പ്രതിരോധ വിശകലന വിദഗ്ധരിലും നിയമനിർമ്മാതാക്കളിലും ആശങ്ക ഉയർത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം പരിഹരിക്കുന്നതിനുള്ള പരിപാടികളിൽ നിന്നുള്ള സഹായം വെട്ടിക്കുറയ്ക്കുന്നത്, വർധിച്ചുവരുന്ന പ്രകൃതിദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ സൈനിക തയ്യാറെടുപ്പിനെ ദുർബലപ്പെടുത്തുമെന്ന് വിമർശകർ ചൂണ്ടിക്കാട്ടുന്നു.

# ഉദ്ധവ് താക്കറെക്കെതിരെ വിവാദ പരാമർശവുമായി നീലം ഗോർഹെ

മുംബൈ: മഹാരാഷ്ട്ര മുൻ മുഖ്യമന്ത്രിയും ശിവസേനാ (യുബിടി) നേതാവുമായ ഉദ്ധവ് താക്കറെയ്ക്കെതിരെ വിവാദ പരാമർശവുമായി ശിവസേനാ നേതാവ് നീലം ഗോർഹെ. താക്കറെ മന്ത്രിസഭയിൽ തസ്തികകൾ ലഭിക്കണമെങ്കിൽ രണ്ട് മെഴ്സിഡസ് കാർ നൽകിയാൽ മതിയെന്നായിരുന്നു നീലത്തിന്റെ പരാമർശം. ശിവസേനാ (യുബിടി) സർക്കാരിന്റെ കാലത്ത് നിയമനങ്ങൾ ലഭിച്ചത് പണമുള്ളവർക്ക് മാത്രമായിരുന്നെന്നും അവർ പറഞ്ഞു. ഡൽഹിയിൽ സംഘടിപ്പിച്ച 98-ാമത് അഖിലഭാരതീയ മറാത്തി സാഹിത്യ സമ്മേളനത്തിലായിരുന്നു നീലത്തിന്റെ പരാമർശം. 2023ൽ ശിവസേനാ ഷിൻഡെ പക്ഷത്തേക്ക് ചേക്കേറിയ നീലം നാല് തവണ ശിവസേനാ എംഎൽസി ആയിട്ടുണ്ട്. പ്രസ്താവനയ്ക്കുപിന്നാലെ നീലത്തിന്റെ പൂനെയിലുള്ള വസതിയ്ക്ക് മുന്നിൽ ശിവസേന യുബിടി അംഗങ്ങൾ പ്രതിഷേധം നടത്തി. കളിപ്പാട്ട കാറുകളുമായായിരുന്നു പ്രതിഷേധം. താങ്കളെ ഇന്നുള്ള നിലയിൽ എത്തിച്ചത് താക്കറെയാണെന്നും മേഴ്സിഡസ് കാർ നൽകിയതിന് തെളിവ് നൽകണമെന്നും പ്രതിഷേധക്കാർ പറഞ്ഞു. അതേ സമയം ഒന്നിനുംകൊള്ളാത്ത ആളുകളോട് പ്രതികരിക്കാൻ താല്പര്യപ്പെടുന്നില്ലെന്ന് ഉദ്ധവ് താക്കറെ പറഞ്ഞു. ശിവസേനാ യുബിടി നേതാക്കളായ കിഷോരി പെഡ്നേക്കർ, സുഷ്മ അന്ധാരി എന്നിവർ നീലത്തിനെതിരെ രംഗത്തുവന്നു. അഴിമതി നടന്നെങ്കിൽ പാർട്ടിയിലുണ്ടായിരുന്ന കാലത്ത് എത്ര സമ്പാദിച്ചെന്ന് നീലം വ്യക്തമാക്കണമെന്ന് ഇരുവരും പറഞ്ഞു. എന്നാൽ താൻ ആർക്കും കാർ നൽകിയില്ലെന്നും ഇത് പൊതുവായുണ്ടാകുന്ന സംഭവമാണെന്നുമാണ് നീലത്തിന്റെ വാദം.

# ഉക്രെയ്ന് പിന്തുണ ഉറപ്പിച്ച് ഫ്രാൻസ്; കരാറിൽ യൂറോപ്യൻ സുരക്ഷാ ആശങ്കളും പരിഗണിക്കണം

പാരിസ്: റഷ്യയുമായുള്ള യുദ്ധം അവസാനിപ്പിക്കുന്ന കരാറിൽ ഉക്രെയ്ന്റെ അവകാശങ്ങളും യൂറോപ്യൻ സുരക്ഷാ ആശങ്കകളും പരിഗണിക്കണമെന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമാനുവൽ മക്രോൺ. ഫ്രാൻസിന്റെയും സഖ്യകക്ഷികളുടെയും നിലപാട് വ്യക്തവും ഏകീകൃതവുമാണ്. ഉക്രെയ്നിൽ ശാശ്വതമായ സമാധാനമാണ് ആഗ്രഹിക്കുന്നതെന്നും 19 യൂറോപ്യൻ രാജ്യങ്ങളിലെ നേതാക്കളുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം മക്രോൺ പറഞ്ഞു. ഉക്രെയ്ൻ വിഷയത്തിൽ യുഎസിന്റെ അപ്രതീക്ഷിത നയംമാറ്റം യൂറോപ്യൻ യൂണിയനിൽ ആശങ്ക സൃഷ്ടിച്ചിരുന്നു. സൗദിയിൽ നടന്ന യുഎസ്-റഷ്യ ചർച്ചകളിൽ പങ്കെടുപ്പിക്കാത്തതിന്റെ നിരാശയും യൂറോപ്യൻ നേതാക്കൾ പ്രകടിപ്പിച്ചു. ഈ സാഹചര്യത്തിലാണ് യൂറോപ്യൻ പ്രതികരണം ഏകോപിപ്പിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി മക്രോൺ നേതാക്കളുടെ യോഗം വിളിച്ചു ചേർത്തത്.

ഉക്രെയ്നൊപ്പം എക്കാലവും നിലകൊള്ളുമെന്നും യൂറോപ്പിൽ സമാധാനവും സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള എല്ലാ ഉത്തരവാദിത്തങ്ങളും നിർവഹിക്കുമെന്നും മക്രോൺ വ്യക്തമാക്കി. ഒരു ശാശ്വത കരാർ ഉറപ്പാക്കാൻ ശക്തവും വിശ്വസനീയവുമായ സുരക്ഷാ ഉറപ്പുകൾ വേണം. യൂറോപ്യൻ സുരക്ഷാ ആശങ്കകൾ കണക്കിലെടുത്തുകൊണ്ടാകണം കരാറിലെ വ്യവസ്ഥകൾ. യൂറോപ്പിനും അംഗരാജ്യങ്ങൾക്കും വേണ്ടിയുള്ള പ്രതിരോധ, സുരക്ഷാ ചെലവുകളും ശേഷിയും വർധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതേസമയം, യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായുള്ള കൂടിക്കാഴ്ചയ്ക്കായി മക്രോൺ തിങ്കാളഴ്ച വാഷിങ്ടണിലേക്ക് തിരിക്കും.

റഷ്യ യൂറോപ്പിന്റെ നിലനിൽപ്പിന് ഭീഷണിയാണെന്നാണ് മക്രോണിന്റെ ആരോപണം. ഉക്രെയ്നിലേക്ക് സൈന്യത്തെ അയയ്ക്കാനുള്ള ആശയത്തോട് തുറന്ന സമീപനമാണ് മക്രോൺ സ്വീകരിച്ചത്. പക്ഷേ ഏറ്റവും പരിമിതമായ രീതിയിലും മുൻനിരയിൽ നിന്ന് അകലം പാലിച്ചും മാത്രമേ സേനാ വിന്യാസമുണ്ടാകുവെന്നും അദ്ദേഹം വ്യക്തമാക്കി. ഫ്രാൻസിനൊപ്പം ബ്രിട്ടനും സംഘർഷ മേഖലയ്ക്ക് പുറത്ത് വിദഗ്ധരെയോ സൈനികരേയോ വിന്യസിക്കുന്നത് പരിഗണിക്കുന്നുണ്ട്. ഫ്രാൻസിന് ചില ബുദ്ധിമുട്ടുള്ള തീരുമാനങ്ങൾ എടുക്കേണ്ടി വന്നേക്കാമെന്ന് വിദേശകാര്യ മന്ത്രി ജീൻ-നോയൽ ബാരറ്റ് പറഞ്ഞു. റഷ്യ നമ്മെ ശത്രുക്കളാക്കാൻ തീരുമാനിച്ചു. ഭീഷണിയുടെ വ്യാപ്തി മനസിലാക്കി സ്വയം സംരക്ഷിക്കണമെന്നും ബാരറ്റ് കൂട്ടിച്ചേർത്തു. സമ്മർദ്ദം തുടരുന്നതിനായി യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ റഷ്യയ്ക്കെതിരെ പുതിയ ഉപരോധങ്ങൾ ഏർപ്പെടുത്താൻ സമ്മതിച്ചതായും റിപ്പോർട്ടുകളുണ്ട്. അതിനിടെ, ഉക്രെയ്നുള്ള പിന്തുണ ഉറപ്പിച്ച് ബ്രിട്ടീഷ് പ്രധാനമന്ത്രി കെയ്!ൃ് സ്റ്റാർമർ പ്രസിഡന്റ് വ്ലാദിമിർ സെലൻസ്കിയുമായി ഫോണിൽ സംസാരിച്ചിരുന്നു. ഉക്രെയ്നിന്റെ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട നേതാവെന്ന നിലയിൽ സെലൻസ്കിക്ക് നൽകുന്ന പിന്തുണ തുടരുമെന്നും സ്റ്റാർമർ വ്യക്തമാക്കി

